കഥാചന്ദ്രിക.

എറണാകുളം സെൻറ് മേരീസ് സി. വൈ. എം. എ.-യുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നത്.

പുസ്തകം ൨.	ഫൻവ൧ ജനുവരി.	ലക്കം ൫.

മംഗളം.

ഭൂഷ്ണുമാരുടെ പൂത്തടത്തിലമരും ഭൂഷ്ണുകെ നീക്കീട്ടവൻ
പുഷ്ടശ്രീകലരുന്ന ലേഖനരസംതുകും 'കഥാചന്ദ്രികേ'
ദിഷ്ടക്കേടതുന്നേരിടാതെ ഭുവിയിൽ തുഷ്ട്യാ വസിച്ചീടുവാൻ
കഷ്ടപ്പെട്ടിഹമൂത്തുചേന്നോരമലൻ മ്ശീഹാ തുണക്കും സദാ.

ശ്രീമാൻ. എം. പി. ഐസക്ക്.

രജതജൂബിലി ആഘോഷം.

എറണാകുളം മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു പുരോഹിതപ്പട്ടം സ്വീകരിച്ചിട്ടു ൨൫ വർഷം പൂർത്തിയായതു ഇക്കഴിഞ്ഞ ഡിസംബർ ൨൧-മതു ആയിരുന്നല്ലോ. ആ സുദിനം ഒരു രജതജൂബിലി മഹാമഹമായി ഈ അതിരൂപതയിലെ എല്ലാ എടവകകളിലും കൊണ്ടാടുകയുണ്ടായി. എന്നാൽ പ്രസ്തുത മഹാമഹം എറണാകുളത്തു ആഘോഷിക്കപ്പെട്ടതു ഡിസംബർ ൨൭-മതു ആയിരുന്നു. തലേദിവസം വൈകുന്നേരത്തോടുകൂടി അതി

ത്രപതയുടെ നാനാഭാഗത്തുനിന്നും ബ. വൈദികർ ഈ ശുഭാവസരം പ്രമാണിച്ചു വന്നുകൂടുവാൻ തുടങ്ങി. ആറുമണിയോടുകൂടി കമനീയമായി അലങ്കരിച്ചിരുന്ന അതിമെത്രാസന അരമനയിലെ ഹാളിൽ സജ്ജീകൃതമായ പ്ലാറ്റുഫാറത്തിൽ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു ഉപവിഷ്ടനായി. പെറിസെമ്മിനാരിക്കാർ തിരുമേനിയെ അനുമോദിച്ചു ഒരു മംഗളപത്രം സമർപ്പിക്കയും അതിവിശേഷമായ ഒരു ക്ലോക്ക് (നാഴികമണി) സമ്മാനിക്കയും ചെയ്തു. അനന്തരം 'ഹെർമനജിൽഡ്' എന്ന അത്യന്തം ഹൃദയസ്പർശകമായ ഒരു ഇംഗ്ലീഷ് നാടകം വളരെ തന്മയത്വത്തോടും സാമർത്ഥ്യത്തോടുംകൂടി അവർ അഭിനയിച്ചു.

൨൭-ാംനു പ്രഭാതമായപ്പോൾ ൨൫ ആചാരവെടികളും മെത്രാപ്പോലീത്തൻ പള്ളിയിലെ മണിനാദവും ജൂബിലി സുദിനത്തിന്റെ ആഗമനത്തെ വിളിച്ചറിയിച്ചു. ൭൫ മണിക്കു മെത്രാപ്പോലീത്ത തിരുമേനി ഒരു ഘോഷയാത്രയായി മെത്രാപ്പോലീത്തൻ പള്ളിയിലേയ്ക്കു എഴുന്നെള്ളി പൊന്തിഫിക്കൽ കുർബ്ബാന സമർപ്പിച്ചു. അനന്തരം റവ. ഫാദർ പഞ്ഞിക്കാരൻ, എം. എ., പി. എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ. അവർകൾ പുരോഹിതപ്പട്ടത്തിന്റെ മാഹാത്മ്യത്തെ വിവരിച്ചും, മെത്രാപ്പോലീത്താച്ചൻ തിരുമേനിയെ അനുമോദിച്ചും മറും സ്വതസിദ്ധമായ വാക്ധാടിയോടുകൂടി പ്രൌഢഗംഭീരമായ ഒരു പ്രസംഗംചെയ്തു. അതിനെത്തുടർന്നു ലാക്രിമാ എന്ന സ്തോത്രഗീതവും വിശുദ്ധ കുർബ്ബാനയുടെ വാഴ്ചയും നടന്നു. ഒടുവിൽ ജൂബിലിപ്രമാണിച്ചു പരിശുദ്ധ പിതാവിൽനിന്നുകിട്ടിയ പ്രത്യേകാനുവാദപ്രകാരം പൂർണ്ണദണ്ഡവിമോചനമുള്ള മാപ്പുപ്പായുടെ വാഴ്ച്ച മെത്രാപ്പോലിത്താച്ചൻ തിരുമനസ്സുകൊണ്ടു എല്ലാവർക്കും നൽകുകയും അതോടുകൂടി പള്ളിയിലെ തിരുക്കർമ്മങ്ങൾ അവസാനിക്കുകയും ചെയ്തു.

പിന്നീടു നടന്നതു മെത്രാപ്പോലീത്തൻ പള്ളിയുടെ മുൻവശത്തുള്ള മൈതാനത്തിന്റെ മദ്ധ്യത്തിൽ സ്ഥാപിക്കാൻ നിശ്ചയിച്ചിട്ടുള്ള ജൂബിലി സ്മാരകത്തിന്റെ ശിലാസ്ഥാപനകർമ്മമാണ്. തിരുമനസ്സുകൊണ്ടു പള്ളിയിൽനിന്നും ഘോഷയാത്രയായി ടി. സ്ഥലത്തു ഒരുക്കിയിരുന്ന പൂപ്പന്തലിലേയ്ക്കു എഴുന്നെള്ളി, നൂറിൽപരം വൈദികരുടേയും അസംഖ്യം അൽമേനികളുടേയും സാന്നിദ്ധ്യത്തിൽ സ്മാരകത്തിനു കല്ലിട്ടു. അനന്തരം തിരുമനസ്സുകൊണ്ടു ഒരു ചെറിയ പ്രസംഗംചെയ്തു. മാത്തോമ്മാശ്ലീഹാ നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തിലെ മുറിവു തൊട്ടുനോക്കിയ രണ്ടു തിരുസ്പർശങ്ങളാണ് അവിടെ സ്ഥാപിക്കാൻ പോകുന്നതെന്നും, ഇന്ത്യയിൽ, വിശിഷ്യ കേരളത്തിൽ ആദ്യമായി സുവിശേഷം അറിയിച്ച മാത്തോമ്മാശ്ലീഹായുടെ

സ്വരൂപം വേദപ്രചാരവേലയെക്കുറിച്ചുള്ള ചിന്ത നമ്മിൽ ഉളവാക്കാൻ സഹായിക്കുമെന്നും, ആ ശ്ലീഹാ സുവിശേഷം അറിയിച്ചിട്ട് ൨,൦൦൦ കൊല്ലത്തോളമായി എങ്കിലും ഇന്ത്യയിൽ കത്തോലിക്കരുടെ സംഖ്യ ന്യൂനപക്ഷമായിരിക്കുന്നതിനുള്ള കാരണം എന്തെന്നും, ശോചനീയമായ ആ അവസ്ഥയ്ക്കു പരിഹാരം വരുത്തി പ്രാർത്ഥനയാലും ധനസഹായംചെയ്തും സ്വപ്രയത്നംകൊണ്ടും അക്രൈസ്തവരേയും അകത്തോലിക്കരേയും മിശിഹായുടെ തൊഴുത്തിലേയ്ക്കു ആനയിക്കുന്നതിനു എല്ലാവരും ശ്രമിക്കേണ്ടതാണെന്നും, മാത്തോമ്മാശ്ലീഹാ മിശിഹായ്ക്കുവേണ്ടി അനേക കഷ്ടനഷ്ടങ്ങൾ സഹിച്ചു സ്വജീവൻ ബലികഴിച്ചതുപോലെ നമ്മളും മിശിഹായുടെ രാജ്യം പരക്കുന്നതിനു എത്ര ബുദ്ധിമുട്ടുകളും സഹിപ്പാൻ ഒരുക്കമുള്ളവരായിരിക്കണമെന്നും മറും തിരുമനസ്സുകൊണ്ടു ആ പ്രസംഗത്തിൽ പ്രസ്താവിച്ചു.

ശിലാസ്ഥാപനകർമ്മം കഴിഞ്ഞു അരമനയിലേയ്ക്കു മടങ്ങിയശേഷം മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടും കൂടിയിരുന്ന എല്ലാ ബ. അച്ചന്മാരും ബ. ശമ്മാശന്മാരും ഉൾപ്പെട്ട ഒരു 'ഗ്രൂപ് ഫോട്ടോ' എടുക്കുകയുണ്ടായി. വൈദികരുടെ കൂട്ടത്തിൽ കൽക്കട്ട അതിരൂപതയിലെ വികാരി ജനറാൾ റൈറ്റ് റവ. മൊൺസിഞ്ഞോർ ജോ. ഫെർണാൻറസിനേയും, തിരുനാപ്പള്ളി സെൻറ് ജോസഫ്സ് കോളേജിലെ പ്രകൃതിശാസ്ത്രപണ്ഡിതനായ റവ. ഫാദർ ഒണൊറേ എസ്സ്. ജെ.-യുടേയും, സുറിയാനി കമ്മലീത്താ പ്രിയോർ ജനറാൾ വന്ദ്യ ദിവ്യശ്രീ ജോൺ ബക്ക്മാൻസ് അച്ചൻറേയും പേരുകൾ പ്രത്യേകം പ്രസ്താവയോഗ്യമാണ്. ഇതിനെ തുടർന്നു മംഗളപത്ര സമർപ്പണം നടന്നു. ആഗതരായ വൈദികരും അൽമേനികളും അരമനയിലെ ഹാളിൽ യഥാസ്ഥാനങ്ങളെ സ്വീകരിച്ചതോടുകൂടി മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു പ്ലാറുഹാരത്തെ ഉപവേശിച്ചു. വികാരി ജനറാൾ റൈറ്റ് റവ. തോമസ്സ് നെടുങ്കല്ലേൽ അതിരൂപതയിലെ വൈദികരുടേയും അൽമേനികളുടേയും നാമത്തിൽ മെത്രാപ്പോലീത്താച്ചൻ തിരുമേനിയെ അനുമോദിച്ചു ഒരു മംഗളപത്രം വായിച്ചു സമർപ്പിച്ചു. അനന്തരം പുത്തൻപള്ളിസെമിനാരി വിദ്യാർത്ഥികളുടെപേക്ഷ ബ. പുതുശ്ശേരി വർഗീസ്സ് ശ. (എം. എ. ഓണേഴ്സ്സ്) ഇംഗ്ലീഷിൽ ഒരു വാചാപ്രസംഗത്താൽ തിരുമേനിക്കു മംഗളം ആശംസിക്കയും ഒരു സമ്മാനം സമർപ്പിക്കുകയുംചെയ്തു. ഇവയ്ക്കു തിരുമനസ്സുകൊണ്ടു സമുചിതമായ മറുപടി നൽകി. തൻറെ പുരോഹിതപ്പട്ടാഭിഷേകത്തിൻറെ ൨൫-ാമത്തെ വത്സരം പൂർത്തിയാകുന്ന ഈ അവസരം പ്രമാണിച്ചു നടത്തപ്പെടുന്ന ഈ ആഘോഷങ്ങളെല്ലാം കുബ്നാപ്പട്ടമേറ്റിട്ടു ൨൫ വത്സരം കഴിഞ്ഞിട്ടുള്ള ഈ അതിരൂപതയിലെ എല്ലാ

ബ. വൈദികരുടേയും രജതജൂബിലി ആഘോഷമായി താൻ ഗണിക്കുന്നു എന്നും, തനിക്കു സമർപ്പിച്ച മംഗളപത്രങ്ങൾക്കും മറ്റും ഹൃദയപൂർവ്വം നന്ദി പറയുന്നു എന്നും, മിസ്സ്യോണം സംബന്ധിച്ച ഗണ്യമായി താനെന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതു വൈദികരുടേയും അൽമേനികളുടേയും ഹാർദ്ദവമായ സഹകരണത്തിന്റെ ഫലമാണെന്നും, മേലും ആ സഹകരണം കൂടുതലായി ഉണ്ടായിരിക്കേണമെന്നു താനാഗ്രഹിക്കുന്നു എന്നും, മറ്റുമുള്ള സംഗതികൾ അടങ്ങിയിരുന്ന ആ മറുപടി പ്രസംഗം സന്ദർഭോചിതവും സാരഗർഭവുമായിരുന്നു എന്നു പുകഴ്ത്തിപ്പറഞ്ഞുകൊള്ളുന്നു. അനന്തരം ഉച്ചഭക്ഷണമായി.

ഉച്ചതിരിഞ്ഞു മൂന്നുമണിക്കു ആലുവാ സെൻറ് മേരീസ് ഹൈസ്കൂൾകാർ, മംഗലാപുരം സെമ്മിനാരിയിൽ പഠിക്കുന്ന ഈ അതിരൂപതയിലെ ബ. ശമ്മാശ്ശന്മാർ, വൈദ്യം എടവകക്കാർ, ഈ അതിരൂപതയിലെ അനാഥശാലക്കാർ, സ്ഥലം സൂറിയാനി കത്തീഡ്രൽ മാംവക സ്കൂൾകാർ, മെത്രാപ്പോലീത്തൻ പള്ളിവക സെൻറ് ആഗസ്തീൻ സ്കൂൾകാർ ഇവരുടേതും, വിശിഷ്യ ഈ അതിരൂപതയിലെ സകല കന്യകാമഠക്കാരുടേയും വകയായി മംഗളപത്രസമർപ്പണം, ഹാരമണിയിക്കൽ, ജ്ഞാനപുഷ്പ സമർപ്പണം, സമ്മാനദാനം എന്ന ചടങ്ങുകൾ നിർവ്വഹിക്കപ്പെട്ടു. ഇവക്കെല്ലാം നന്ദിപറഞ്ഞും യഥോചിതം ഉപദേശങ്ങൾ നൽകിയും മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു മറുപടിപ്രസംഗം ചെയ്തു. അതു കഴിഞ്ഞു നാലുമണിയോടുകൂടി സന്നിഹിതരായ ബ. വൈദികർക്കും വിശിഷ്യ സ്ഥലത്തെ കത്തോലിക്കരായ വക്കീലന്മാർ, ഉദ്യോഗസ്ഥന്മാർ, ഡാക്ടർമാർ, പൌരപ്രധാനികൾ മുതലായ മാന്യന്മാർക്കും ഒരു തേയില സൽക്കാരം നൽകി. അതോടുകൂടി ജൂബിലി സംബന്ധമായ ആഘോഷങ്ങൾ അവസാനിക്കയുംചെയ്തു. ഉച്ചഭക്ഷണസമയത്തും തേയില സൽക്കാരനേരത്തും അവയിൽ സംബന്ധിച്ചിരുന്ന ഓരോരുത്തർക്കും മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു ജൂബിലി സ്മാരകമായി പ്രത്യേകം അടിച്ചു തയാറാക്കിയിരുന്ന അവിടുത്തെ ഛായാപടവും മറ്റും സമ്മാനിക്കയുണ്ടായി എന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യംതന്നെ.

പൂജ്യപാദനായ ഈ തിരുമേനി ആയുരാരോഗ്യസംപൂർണ്ണനായി ചിരകാലം ജീവിച്ചുകാണുന്നതിനും അവിടുത്തെ പുരോഹിതപ്പട്ടത്തിന്റെ സുവർണ്ണവർഷജൂബിലികൾ കൊണ്ടാടുന്നതിനും സംഗതി വരേണമെന്നാണ് ചെന്നിക്കരയുടെ നിരന്തരമായ പ്രാർത്ഥന.

മംഗളപത്രം.

സംപൂജ്യനായ പിതാവെ!

അവിടുന്നു പുരോഹിതപ്പട്ടം സ്വീകരിച്ചിട്ടു ഇരുപത്തഞ്ചു വർഷം പൂർത്തിയായിരിക്കുന്ന ഈ ശുഭാവസരത്തെ ഒരു മഹാമഹമായി കൊണ്ടാടുന്നതിനും, അവിടുത്തെ നേരെ ഞങ്ങൾക്കുള്ള അപാരമായ ഭക്തിയേയും അകൈതവമായ സ്നേഹത്തേയും ഈ മംഗളപത്രദ്വാരാ പ്രത്യക്ഷപ്പെടുത്തുന്നതിനും ഞങ്ങൾക്കു വാഗ്വാമഗോചരമായ സന്തോഷമുണ്ട്.

തിരുമനസ്സുകൊണ്ടു പുരോഹിതപ്പട്ടം സ്വീകരിച്ചിട്ടു ആദ്യത്തെ പത്തു കൊല്ലം എറണാകുളം വികാരിയത്തിൽ നവമായി രൂപീകൃതമായ പെരിസെമ്മിനാരിയുടെ റെക്ടർസ്ഥാനം വഹിക്കുകയും, അതിനുശേഷം മൂന്നുകൊല്ലം കാലംചെയ്ത ഭാഗ്യസ്മരണാർഹനായ നി. വ. ദി. ശ്രീ. മാർ ളൂയീസു മെത്രാനച്ചൻ തിരുമനസ്സിലെ കോഅദ്ജുത്തോർപദം അലങ്കരിക്കുകയും, ആ തിരുമേനിയുടെ ദേഹവിയോഗാനന്തരം നാലുകൊല്ലം എറണാകുളം വികാരി അപ്പസ്തോലിക്കാ എന്ന നിലയിൽ ഭരണം നടത്തുകയും, അതിനെ തുടർന്നു എറണാകുളം മെത്രാപ്പോലീത്താസ്ഥാനത്തിൽ അധിരോഹണം ചെയ്യപ്പെട്ടതിനാൽ മൂന്നു കൊല്ലം മലങ്കരസഭാധ്യക്ഷനായി പ്രശോഭിക്കുകയും ചെയ്തിട്ടുള്ള വാസ്തവം ആലോചിക്കുമ്പോൾ തിരുമനസ്സിലെ ഇക്കഴിഞ്ഞ ഇരുപത്തഞ്ചു വത്സരത്തെ ജീവിതം കേരളീയകത്തോലിക്കസഭാചരിത്രത്തിൽ സുവർണ്ണലിപികളാൽ രേഖപ്പെടുത്തേണ്ടതും ദൈവദൃഷ്ടിയിലും മനുഷ്യമദ്ധ്യത്തിലും അത്യന്തം പ്രാധാന്യം അർഹിക്കുന്നതുമാണെന്നും, തന്നിമിത്തം ആ കാലഘട്ടം പൂർത്തിയായിരിക്കുന്ന ഈ ശുഭാവസരത്തെ ഒരു മഹാമഹമായി, രജതജൂബിലിയായി, കൊണ്ടാടേണ്ടതുമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

അവിടുത്തെ വന്ദ്യനായ പുരോഗാമി കാൽശതാബ്ദക്കാലത്തിലെ അക്ഷീണപരിശ്രമത്താൽ അടിസ്ഥാനമിട്ടുറപ്പിച്ച ശുഭാരംഭത്തെ അവിടുന്നു നിസ്തുലതാംചെയ്ത ക്രമപ്രവൃദ്ധമായി ഉയർത്തിക്കൊണ്ടുപോകയും, തന്മൂലം സാമ്പത്തികവും വിദ്യാഭ്യാസസംബന്ധവും ആദ്ധ്യാത്മികവുമായി ഈ അതിരൂപത ഉപര്യുപരി ഉൽകൃഷ്ടത്തെ പ്രാപിച്ചുവരികയും ചെയ്യുന്നതെന്നു ഞങ്ങൾ അഭിമാനപൂർവ്വം പ്രത്യേകിച്ചുകൊള്ളട്ടെ. അവിടുന്നു ഞങ്ങളുടെ ആത്മികപരിപാലനം കൂടുതരമുതൽ പട്ടക്കാരും അത്മായികളും

ദൈവം ജ്ഞാനിക്കുള്ള അത്ഭുതകരമായ നക്ഷത്രം വഴി വിളിച്ചു.

അവരവരുടെ കർത്തവ്യങ്ങൾ യഥാവിധി നിർവ്വഹിക്കുന്നതിനും, സ്ത്രീപുരുഷന്മാരിലും ബാലികാബാലന്മാരിലും വേദജ്ഞാനം പ്രായോഗികമായവിധം വർദ്ധിക്കുന്നതിനും, പള്ളിവസ്തുക്കളുടെ ഭരണം കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുന്നതിനും, ദൈവാരാധനക്രമങ്ങളെ ഭേദംകൂടാതെ പാലിക്കുന്നതിനും, ഭക്തിസംവർദ്ധകങ്ങളും പരോപകാരപ്രദങ്ങളുമായ സമാജങ്ങളെ എടവകകൾതോറും സ്ഥാപിക്കുന്നതിനും മറ്റും ആവശ്യമായ നിയമങ്ങൾ ഏർപ്പെടുത്തുകയും, അവയെ സന്ദർഭോചിതം നടപ്പിൽ വരുത്തുകയും ചെയ്തതിന്റെ ഫലമായി ഏതൽക്കാര്യങ്ങളിൽ ഈ അതിരൂപതയൊട്ടുക നവജീവനും അദ്ഭുതപൂർവ്വമായ ഉണർവും ഉണ്ടായിട്ടുണ്ടെന്നുള്ളതു നിരാക്ഷേപമാകുന്നു. വിശിഷ്യ ഈ അതിരൂപതാതിർത്തിക്കുള്ളിൽ അധിവസിക്കുന്ന അക്രൈസ്തവരുടെയും അകത്തോലിക്കരുടെയും മാനസാന്തരവിഷയത്തിൽ ഭക്തിതീക്ഷ്ണതയുള്ള അവിടുത്തെ ശ്രുദ്ധ ആശ്ചര്യകരമായി പതിഞ്ഞതിനാൽ പന്ത്രീരായിരത്തിൽപരം ആത്മാക്കൾ മിശിഹായുടെ തൊഴുത്തിലേയ്ക്കു ആനയിക്കപ്പെട്ടിട്ടുണ്ടെന്നും, ദൈവമഹത്വത്തിനു ഏറ്റവും പ്രയോജകീഭവിക്കുന്ന ഏതൽ പ്രയത്നവും അതിന്റെ വിജയവും തിരുമനസ്സിലെ രജതജൂബിലിസ്മാരകമായി എന്നെന്നും പ്രശോഭിക്കുന്നതാണെന്നും പ്രത്യേകം പ്രസ്താവയോഗ്യം തന്നെ.

ഏദൃവംവിധം തന്റെ ഭരണത്തിനു ഏല്പിക്കപ്പെട്ട ജനങ്ങളുടെ നാനാമുഖമായ അഭിവൃദ്ധിയെ ലക്ഷീകരിച്ചു അവിടുന്നു അഹോരാത്രം ചെയ്യുന്ന പരിശ്രമങ്ങളെ ഞങ്ങൾ ഈ സൂനിനത്തിൽ ഏകകണ്ഠമായി വാഴ്ത്തുകയും, പരിശുദ്ധമായ ജീവിതമാതൃകയാലും പൈതൃകമായ ഉപദേശത്താലും രക്ഷാമാർഗ്ഗത്തിലൂടെ ഞങ്ങളെ നയിച്ചുകൊണ്ടുപോകുന്ന അവിടുത്തെ നേരെ ഞങ്ങൾക്കുള്ള ഹൃദയപൂർവ്വമായ കൃതജ്ഞതയെ പ്രകാശിപ്പിക്കുകയും, സുവർണ്ണ രത്നജൂബിലികൾ കൊണ്ടാടത്തക്കവണ്ണം അവിടുന്നു അരോഗദൃഢഗാത്രനായി ദൈവാനുഗ്രഹസമ്പൂർണ്ണനായി ചിരകാലം ജീവിക്കാൻ സംഗതിവരുത്തണമെയെന്നു സർവ്വശക്തനെ പ്രാർത്ഥിക്കയും, അവിടുത്തെ പൈതൃകമായ അനുഗ്രഹം ഞങ്ങളേവരുടേയും മേലുണ്ടാകണമെന്നു അപേക്ഷിക്കയും ചെയ്തുകൊണ്ടു ഈമംഗളപത്രത്തെ ഒപ്പുവെച്ചുകൊള്ളുന്നു.

എന്നു്, തിരുമനസ്സിലെ വിനീതമക്കളായ ഈ അതിരൂപതയിലെ
വൈദികരും അത്മേനികളും.

എറണാകുളം,
ക്രിസ്തുവിസംബർ ൨൭-൦൩.

ആ വിളി അനുസരിച്ചു അവർ ഉടനെ പുറപ്പെട്ടു.

ഉണ്ണിംരംശോ കീർത്തനം.

ശ്രീമാൻ എ. ഠി. ടേപസ്സി, ഏഞ്ഞങ്ങിയൂർ

കമാശ് രാഗം. "മത്താഡ്" എന്ന മട്ട.

പല്ലവി.

ഉണ്ണീശോയേ! പാഹിമാം
രക്ഷനാഥനാം - ഉണ്ണീശോയേ! പാഹിമാം.

അനുപല്ലവി.

മത്സ്യരക്ഷക്കുവേണ്ടി - പ്പാത്തലേ ജനിച്ചോനെ!
(ഉണ്ണീശോയേ!)

ചരണങ്ങൾ.

ഫ. മാട്ടക്കൂട്ടം കിടക്കും - കൂട്ടിൽ കിടന്നവനേ!
പുൽക്കൂട്ടിൽ പിറന്നോനേ! തുക്കൺപാക്കണേ യെന്നെ.
(ഉണ്ണീശോയേ!)

ഫ. മന്നിടേ കൊണ്ടുവന്ന - വഹിയെ തെല്ലിവനിൽ
കത്തിയെരിയിക്കേണേ - കാത്തുരക്ഷിച്ചീടേണേ.
(ഉണ്ണീശോയേ!)

ന. പാപം പൊറുത്തുകൊണ്ടീ - പ്പാപിയെ രക്ഷിച്ചെന്റെ
താപംതീർത്തു നന്നായി - ട്ടാപത്തൊക്കെയും മാറ്റി.
(ഉണ്ണീശോയേ!)

ര. സങ്കടപ്പെട്ടുനോക്കാ - തങ്കം തീർത്തിട്ടുനോനേ!
പങ്കം പൊറുത്തുകൊണ്ടെൻ - സങ്കടം മാറ്റീടേണേ.
(ഉണ്ണീശോയേ!)

ജഡ്ജി വക്കീലിനോടു:— "നിങ്ങൾ പറയുംവിധമാണ് നിയമവിധിയെങ്കിൽ, എന്റെ നിയമപുസ്തകങ്ങളെ ഞാൻ കത്തിച്ചു കളയണം."

വക്കീൽ:— "അതുവേണ്ട, പ്രഭോ. അവിടുന്നു അതുകൾ വായിച്ചു നിയുകയാണ് വേണ്ടതു".

പ്രസാധകക്കുറിപ്പുകൾ.

മെഴുകുതിരി ആശീർവ്വദിക്കൽ.

കൊച്ചുവുസേപ്പു വളരെ ദൈവഭക്തിയുള്ള കുട്ടിയാണ്. തിരുനാൾ ദിവസങ്ങളിൽ പള്ളിയിൽ നടത്തുന്ന ദിവ്യകർമ്മങ്ങളിൽ അവൻ ഭക്തിപൂർവ്വം സംബന്ധിക്കയും അവയുടെ കാര്യസാരം അറിവുള്ളവരോട് ചോദിച്ചു മനസ്സിലാക്കുകയും ചെയ്യാറുണ്ട്. കുംഭം ഏഴാംനു വൈകുന്നേരം അവൻ അപ്പനോട് ഇങ്ങിനെ ചോദിച്ചു. "അപ്പാ, നാളെ കടമുള്ള ഒരു തിരുനാളാണെന്നു നമ്മുടെ ബ. വികാരി അച്ചൻ കഴിഞ്ഞ ഞായറാഴ്ച പള്ളിയിൽ പറഞ്ഞല്ലോ. നാളെ എന്തെങ്കിലും വിശേഷകർമ്മം പള്ളിയിൽ ഉണ്ടായിരിക്കുമോ? ഉണ്ടെങ്കിൽ അതെന്താണെന്നും മറ്റും അറിയാൻ എനിക്ക് ആഗ്രഹമുണ്ട്".

അപ്പൻ:— "കൊള്ളാം, മകനെ, അതിനെക്കുറിച്ചു വിവരമായി ഞാൻ പറഞ്ഞുതരാം. രാത്രി പ്രാർത്ഥനകഴിഞ്ഞു നമ്മളെല്ലാവരും കൂടുമ്പോളാകട്ടെ.

രാത്രി പ്രാർത്ഥനകഴിഞ്ഞു അപ്പനും അമ്മയും മക്കളും ഒരുമിച്ചു കൂടി. കൊച്ചുവുസേപ്പു മൻപറഞ്ഞ ചോദ്യത്തെക്കുറിച്ചു ഓർപ്പിച്ചു. അതിനെ സംബന്ധിച്ചു അപ്പൻ ഇപ്രകാരം പറവാൻ തുടങ്ങി.

നാളെ പള്ളിയിൽ വിശേഷവിധിയായി നടത്തുന്ന കർമ്മം മെഴുകുതിരികൾ ആശീർവ്വദിക്കുക എന്നതാണ്. ഒരു മേശപ്പുറത്തു മെഴുകുതിരികൾ അടുക്കി വച്ചിരിക്കും. പട്ടക്കാരൻ കാപ്പധരിച്ചുവന്ന് കുമ്പാനക്കർമ്മപുസ്തകത്തിൽ കൊടുത്തിട്ടുള്ള ഏതാനും ജപങ്ങൾ പാടിയശേഷം ഹന്നാൻ വെള്ളം തളിച്ചു ധൂപം വീശി മെഴുകുതിരികളെ ആശീർവ്വദിക്കും. അനന്തരം അവയെ കത്തിച്ചു ജനങ്ങൾക്കു കൊടുക്കും. ഒടുവിൽ പട്ടക്കാരനും ജനങ്ങളും കത്തിച്ച മെഴുകുതിരിയും വഹിച്ചുകൊണ്ടു ഒരു ചെറിയ പ്രദക്ഷിണം കഴിക്കും. ഇതാണ് നാളെ പള്ളിയിൽ നടത്തുന്ന വിശേഷകർമ്മം.

കൊച്ചുവുസേപ്പു:— അപ്പാ, ഈ കർമ്മത്തിന്റെ സാരമെന്താണെന്നു പറഞ്ഞുതരണം.

അപ്പൻ:— ആദ്യമായി അതിന്റെ ഉത്ഭവത്തെക്കുറിച്ചു പറയാം. തിരുസഭയുടെ ആദ്യകാലത്തു റോമയിൽ വാണിരുന്ന ചക്രവർത്തികളും, അവിടത്തെ പ്രജകളിൽ അധികഭാഗവും കപടരായിരുന്നുവെന്നു നിങ്ങൾ

അതനുസരിച്ചു പ്രവർത്തിക്കുന്നതിനു നമ്മൾ സദാ ഒരുക്കമുള്ളവരായിരിക്കണം

കേട്ടിട്ടുണ്ടല്ലൊ. അക്കാലങ്ങളിൽ ആ കാവ്യമതക്കാർ ഒരു ഉത്സവം ആഘോഷിച്ചിരുന്നു. ഫെബ്രുവരിമാസത്തിലാണു അതു നടത്തിയിരുന്നതു്. ചില ദേവന്മാരെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി, കത്തിച്ചപന്തവും വഹിച്ചുകൊണ്ടു പട്ടണത്തിന്റെ വീഥികളിൽ അങ്ങുമിങ്ങും ഓടിനടക്കുക എന്നതായിരുന്നു അതിന്റെ പ്രധാന ചടങ്ങു. അന്ധവിശ്വാസവും അക്രമവുംനിറഞ്ഞ ഈ ഉത്സവത്തെ ഇല്ലായ്മചെയ്യേണ്ടതാണെന്നു മാപ്പിപ്പാമാർ നിശ്ചയിച്ചു. അതിനാൽ അവർ അതു നിറുത്തൽചെയ്തു തൽസ്ഥാനത്തു ഒരു തിരുനാൾ ഏർപ്പെടുത്തി. ഫെബ്രുവരിമാസം പഞ്ചമിവെളിക്കും അൾമേനിക്കളം കത്തുന്ന മെഴുകുതിരിയും പിടിച്ചുകൊണ്ടും മിശിഹായുടെയും അവിടുത്തെ മാതാവിന്റെയും സ്തുതികളെ പാടിക്കൊണ്ടും പ്രധാനപള്ളികൾ സന്ദർശിച്ചും റോമാപട്ടണത്തിന്റെ വീഥികളിൽകൂടി ഒരു ഘോഷയാത്ര നടത്തിവന്നു. ഇങ്ങിനെയാണു് മെഴുകുതിരി ആശീർവദിക്കുന്ന കർമ്മവും അതിനെ തുടർന്നുള്ള പ്രദക്ഷിണവും കുംഭം രണ്ടാം തീയതി തിരുനാളിന്റെ ഒരു പ്രധാനകർമ്മമായിത്തീർന്നതു്.

* * *

വിശുദ്ധ ശിമയോൻ.

കൊച്ചുവുസേപ്പിന്റെ അനുജൻ ദേവസ്സിക്കുട്ടിക്കു് സംഗീതത്തിൽ വാസനയുണ്ടു്. ഗായകസംഘത്തിലെ ഒരംഗമല്ലെങ്കിലും അവരൊരുമിച്ചു അവനും പള്ളിയിൽ പാടാറുണ്ടു്. പിറേന്നാളുള്ള തിരുക്കർമ്മത്തിലെ പാട്ടു അവൻ തഴക്കിയിട്ടുണ്ടായിരുന്നു. എന്നാൽ അതിന്റെ അർത്ഥമൊന്നും അവൻ അറിഞ്ഞിരുന്നില്ല. അതിനാൽ അവൻ അതിനെക്കുറിച്ചു ഇപ്രകാരം ചോദിച്ചു. "അപ്പാ, പട്ടക്കാരൻ മെഴുകുതിരി ആശീർവദിച്ചു ജനങ്ങൾക്കു കൊടുക്കുമ്പോൾ പാട്ടുകാർ പാടുന്ന ജപം സുറിയാനിയിൽ "നഹറാല്ലു ശലിയാനാ" എന്നും, ലത്തീനിൽ "ലൂമൻ ആദ് റെവലാസിയോനം" എന്നും തുടങ്ങുന്ന ഒന്നല്ലെ. ആ ഗാനം കേൾവിക്കു രസമുള്ളതും ഹൃദയത്തിൽ ഭക്തി ജനിപ്പിക്കുന്നതുമാണു്. പക്ഷെ അതിന്റെ അർത്ഥമെന്തെന്നു അപ്പനു അറിയാമൊ?" അപ്പൻ:—"കഴിഞ്ഞകൊല്ലത്തിൽ ഈ ജപരാത്രി ദിവസം നമ്മുടെ ബ. വികാരിഅച്ചൻതന്നെ ആ ജപത്തെക്കുറിച്ചു പള്ളിയിൽ ഉപദേശം നൽകുകയുണ്ടായി. വിശുദ്ധ ശിമയോൻ ഉണ്ണിരാശോയെ കയ്യിലെടുത്തുകൊണ്ടു പൊല്ലിയന്നോത്രഗീതമാണ് അതു്."

കൊച്ചുവുസേപ്പു:— അപ്പാ, ആ ചരിത്രം വിവരിച്ചു പറഞ്ഞുതരണം. ഞാനതു കേട്ടിട്ടുണ്ടു്. പക്ഷെ മറന്നുപോയി.

ജ്ഞാനികൾക്കു ദൈവദൂതൻ അനുസരിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നു.

അച്ഛൻ:— ഉണ്ണീ, രാജാക്കന്മാരായ മാതാപിതാക്കന്മാർ ദൈവത്തിനു കാഴ്ച വച്ചതും ദേവമാതാവു ശുദ്ധീകരകർമ്മം അനുഷ്ഠിച്ചതും, ഈ സംഭവങ്ങളെയാണല്ലൊ നാളത്തെ തിരുനാൾ നമ്മെ ഓർപ്പിക്കുന്നതു്. ആ കർമ്മങ്ങൾ അനുഷ്ഠിച്ച ദേവമാതാവും യൗസേപ്പുപിതാവും ദിവ്യ ഉണ്ണിയേയുമെടുത്തു ദേവാലയത്തിൽനിന്നു മടങ്ങാൻ ഭാവിച്ചപ്പോൾ ശിമയോൻ എന്നു പേരുള്ള ഒരു വൃദ്ധൻ അവരുടെ അടുത്തുചെന്നു. ഇദ്ദേഹം ഇസ്രായേൽ ജനത്തിനു നേരിട്ട കഷ്ടപ്പാടുകളെക്കുറിച്ചു സദാ വിലപിച്ചും രക്ഷകനായ മശിഹായുടെ വരവിനെ പ്രതീക്ഷിച്ചും ഇടവിടാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഒരു പുണ്യ പുരുഷനായിരുന്നു. മരിക്കുന്നതിനു മുമ്പു രക്ഷകനെ കാണാനുള്ള ഭാഗ്യം തനിക്കു സിദ്ധിക്കുമെന്നുള്ള ദൈവാധ്യം ദൈവം അയാൾക്കു നൽകിയിരുന്നു. അങ്ങിനെയിരിക്കുന്ന കാലത്താണു് ദിവ്യ ഉണ്ണിയേയുംകൊണ്ടു മാതാപിതാക്കന്മാർ ദേവാലയത്തിൽ ചെന്നതു്. ആ അവസരത്തിൽ ദൈവികമായ പ്രേരണയാൽ അദ്ദേഹവും ദേവാലയത്തിൽ എത്തി. ആ ഉണ്ണിയേയും മാതാവിനേയും കണ്ടുമുട്ടി. തൽക്ഷണം അദ്ദേഹത്തിന്റെ ഹൃദയം അടിത്തട്ടുവരെ ഇളകി. മാതാവിന്റെ കരങ്ങളിൽനിന്നു ഉണ്ണിയെ വാങ്ങി കയ്യിൽ വച്ചുകൊണ്ടു അദ്ദേഹം ആ തിരുമുഖത്തു സൂക്ഷിച്ചുനോക്കി. ഉടൻ ആ വിശുദ്ധന്റെ മാനസിക കണ്ണുകൾ തുറക്കപ്പെടുകയും, താൻ കാണ്മാൻ ആശിച്ചിരുന്ന രക്ഷകൻ അതുതന്നെയാണെന്നു ഗ്രഹിക്കയും ചെയ്തു. അപ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിലുണ്ടായ വികാരങ്ങളെ വർണ്ണിപ്പാൻ ആർക്കു കഴിയും! ആനന്ദം, ഭക്തി, നന്ദി, മുതലായ വികാരങ്ങൾ ഹൃദയത്തെ ഭേദിച്ചു് വാക്കുരൂപേണ പ്രത്യക്ഷപ്പെട്ടു. സ്വർഗ്ഗത്തിലേയ്ക്കു ദൃഷ്ടികളെ ഉയർത്തിക്കൊണ്ടു് ആ മഹാത്മാവു ഒരു സ്തോത്രം ചൊല്ലി. "കർത്താവെ, ഇപ്പോൾ നീ നിന്റെ ദാസനെ നിന്റെ വാക്കുപ്രകാരം സമാധാനത്തിൽ വിടുകയുന്നു. എന്തുകൊണ്ടെന്നാൽ, പുറജാതികൾക്കു പ്രകാശം നൽകുന്ന വെളിച്ചവും നിന്റെ ജനമായ ഇസ്രായേലിന്റെ മഹത്വവുമായി നീ സകല ജനങ്ങളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷണീയത്തെ എന്റെ കണ്ണുകൾ കണ്ടു." വിശുദ്ധ ശിമയോൻ ചൊല്ലിയ ഈ സ്തോത്രമാണു് പട്ടക്കാരൻ മെഴുകുതിരികൾ ആശീർവ്വദിച്ചു ജനങ്ങൾക്കു കൊടുക്കുമ്പോൾ പാട്ടുകാർ പാടുന്നതു്. ഇരുട്ടടഞ്ഞ മുറിയിൽ തിരി കത്തിച്ചുപിടിച്ചാൽ അരിവുള്ള വസ്തുക്കളെ നമുക്കു

അവർ ആ ബുദ്ധിമുട്ടുകളെല്ലാം സന്തോഷപൂർവ്വം സഹിച്ചു.

കാണാൻ സാധിക്കുന്നപോലെ പാപയിരുൾ നിറഞ്ഞ ഈ ലോകത്തിൽ സാക്ഷാലുള്ള രക്ഷാമാർഗ്ഗം കാണിച്ചുതരുന്ന വെളിച്ചം മ്ശിഹായാണെന്നു തിരുസഭ നമ്മെ ഉപദേശിക്കുന്നു.

* * *

ഗുണപാഠം.

ദേവസ്സിക്കുട്ടി:— അപ്പാ, ആ ശിമയോൻ എത്ര ഭാഗ്യവാൻ! മരിക്കുന്നതിനുമുമ്പു രക്ഷകനെ കാണുന്നതിനു അദ്ദേഹത്തിനു സാധിച്ചല്ലൊ. ഉണ്ണിംരംശോയെ കയ്യിൽ എടുക്കുന്നതിനും ഭാഗ്യമുണ്ടായല്ലൊ.

അപ്പൻ:— ശരി, അദ്ദേഹം ഭാഗ്യവാൻതന്നെ, സംശയമില്ല. പക്ഷെ ആ ഭാഗ്യം അദ്ദേഹത്തിന്റെ ആഗ്രഹത്തിന്റെയും പ്രാർത്ഥനയുടെയും ഫലമാണ്. രക്ഷകനെ കാണേണമെന്നായിരുന്ന ആ വിശുദ്ധന്റെ ജീവിതത്തിലെ ആഗ്രഹം. അതു സാധിച്ചുകിട്ടുന്നതിനു അദ്ദേഹം ഇടവിടാതെ പ്രാർത്ഥിച്ചുമിരുന്നു. എന്നാൽ ശിമയോന്റെതിനെക്കാൾ ഒട്ടും കുറയാത്ത ഭാഗ്യം നമുക്കും ലഭിച്ചിട്ടുണ്ട്. ആ രക്ഷകനെ നമുക്കും കാണാം; കയ്യിലെടുക്കാം. എന്നല്ലാ നമ്മുടെ ഹൃദയത്തിൽ കൈക്കൊള്ളുകയും ചെയ്യാം. ആ രക്ഷകൻതന്നെ, തന്റെ സകല ശക്തികളോടുംകൂടി വിശുദ്ധ കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്നു. ശിമയോനു ആ ഭാഗ്യം ഒരിക്കൽ മാത്രമേ ലഭിച്ചുള്ളു. നമുക്കു അതു ദിവസംപ്രതി ലഭിക്കുന്നതാണ്. നിങ്ങൾ ദിനംപ്രതി വി. കുർബാന കൈക്കൊള്ളേണമെന്നു നമ്മുടെ ബ. വികാരിയച്ചൻ ഉപദേശിക്കാറില്ലെ. അങ്ങിനെ ചെയ്യുന്നതിനു നിങ്ങൾക്കെന്താ തടസ്സം? പള്ളി അടുത്താണ്. കുർബാന കാലത്തേയുണ്ട്. അല്പം നേരത്തെ എഴുന്നേറ്റു പള്ളിയിൽപോയി പ്രാർത്ഥിച്ചു ഒരുങ്ങുന്നപക്ഷം കുർബാനയുടെ മുമ്പിൽതന്നെ വി. കുർബാന ഉൾക്കൊള്ളാം. കുർബാനസമയത്തു ഉപകാരസ്മരണ കഴിച്ചു നേരത്തേ വീട്ടിൽ മടങ്ങിയെത്തുകയും ചെയ്യാം. അതിനു ചിലവാകുന്ന സമയം ഒരു നഷ്ടമായി കരുതേണ്ട. പാഠങ്ങൾ പഠിക്കുന്നതിനു അതൊരു തടസ്സമായി തീരുകയുമില്ല. നിങ്ങളുടെ ഹൃദയത്തിൽ ദിനംപ്രതി എഴുന്നെള്ളിവരുന്ന ഉണ്ണിംരംശോ നിങ്ങളുടെ ബുദ്ധിക്കു കൂടുതൽ വെളിച്ചം തരും. അപ്പോൾ പാഠങ്ങളെല്ലാം എളുപ്പത്തിൽ കുറച്ചുസമയം കൊണ്ടു പഠിക്കാൻ നിങ്ങൾക്കു സാധിക്കും. ലൂയീസ്, സ്റ്റെനിസ്ലാവോസ്, ബെർക്ക്മാൻസ് മുതലായ പുണ്യവാന്മാർ പ്രാർത്ഥനയിൽ വളരെനേരം ചില

ദൈവം ആവശ്യപ്പെടുന്നതു ചെയ്യാൻ നമുക്കു ബുദ്ധിമുട്ടുണ്ടായേക്കാം.

വഴിച്ചിരുന്നു. അതുകൊണ്ടു് അവരുടെ പഠിനത്തിനു ഒരു കുറവുമുണ്ടായിട്ടില്ല. നേരെമറിച്ചു, പഠിനത്തിൽ അവർ മറ്റു കുട്ടികളെ ജയിച്ചിരുന്നു. അതിനാൽ നിങ്ങൾ ദിനംപ്രതി വി. കുമ്പാനയ്ക്കെക്കൊള്ളാൻ ശ്രമിക്കണം. നാളെ വളരെ കേന്ദ്രീകരിച്ചു അതിനായി പ്രാർത്ഥിക്കണം. "എന്റെ ഉണ്ണിരംശോയേ, ശിമയോൻ എന്ന ആ മഹാത്മാവു നിന്നെ കാണുന്നതിനും കൈക്കൊള്ളുന്നതിനും ആഗ്രഹിച്ചു. ആ ആഗ്രഹം നീ സാധിച്ചു കൊടുത്തു. അതുപോലെതന്നെ നിന്നെ ദിനംപ്രതി കൈക്കൊള്ളുന്നതിനു എനിക്കു് ആഗ്രഹമുണ്ടു്. അതിനായിട്ടു ഞാൻ ഇതാ പ്രാർത്ഥിക്കുന്നു. എന്റെ പ്രാർത്ഥനകേട്ടു എന്റെ ആഗ്രഹം സാധിച്ചുതരണേ. നേരത്തെ എഴുന്നേറ്റു പള്ളിയിൽവന്നു നിന്നെ കൈക്കൊള്ളുന്നതിനുള്ള മനസ്സും ഒരുക്കവും നീ നിക്കുണ്ടാകണമേ. എന്റെ ആത്മാവിനെ പാപം കൂടാതെ സൂക്ഷിക്കണമേ." എന്നു നിങ്ങൾ ഓരോരുത്തരും അപേക്ഷിക്കണം.

മക്കളെല്ലാവരും കൂടി "അങ്ങിനെതന്നെ, അപ്പാ, ഞങ്ങൾ അപേക്ഷിക്കാം" എന്നു മറുപടിപറഞ്ഞു. ഒടുവിൽ അപ്പന്റെ അനുഗ്രഹവും വാങ്ങി അവർ അത്താഴം ഉണ്ണാൻ പോയി.

ഒരു കത്തോലിക്കൻ വളരെ ധനം സമ്പാദിക്കയോ, തൊഴിൽ സംബന്ധമായി വിജയം പ്രാപിക്കയോ, ഉയർന്ന സർക്കാരുദ്യോഗം വഹിക്കയോ ചെയ്യുന്നതു് നമുക്കു അഭിമാനകരംതന്നെ. അതു ഒരു കത്തോലിക്കനു വിജയമായി നാമും ഗണിക്കയും ചെയ്യുന്നു. എന്നാൽ അയാളുടെ കത്തോലിക്കത്വം അയാളുടെ ധനത്തെയും തൊഴിലിനെയും ഉദ്യോഗത്തെയും സംബന്ധിച്ചുള്ള നടപടികളിൽ പ്രവേശിക്കുന്നില്ലെങ്കിൽ എന്തു ഫലം? കത്തോലിക്കനായ അയാളും അകത്തോലിക്കരായ അയാളുടെ സമസ്ഥിതിക്കാരും നമ്മിൽ നടപടിസംബന്ധിച്ചു സാരമായ വ്യത്യാസമില്ലെങ്കിൽ എന്തുഫലം? കത്തോലിക്കരായ നമ്മുടെ ആളുകൾ പ്രമാണികളായി തീരണമെന്നു നമ്മൾ ആഗ്രഹിക്കുന്നു. പക്ഷേ കത്തോലിക്കർ എന്ന നിലയിൽ പ്രാമാണ്യമുണ്ടാകേണമെന്നാണാഗ്രഹം. അവരുടെ കത്തോലിക്ക വിശ്വാസത്തിന്റെയും കത്തോലിക്ക ആദർശങ്ങളുടെയും പ്രകാശം ജനതാമദ്ധ്യത്തിൽ പരക്കേണമെന്നു താല്പര്യം.

('എക്സാമിനർ' പത്രം.)

എന്നാലും അവരെ സഹിച്ചു സൈവഭീതം നമ്മൾ നിവർത്തിക്കണം.

"തിരുപ്പിറവി" താരാട്ട്

ശ്രീമാൻ പീറർ കളപ്പുരക്കൽ, കടവന്ത്ര

("ഓമനത്തിങ്കൾ" എന്ന മട്ട്.)

കാണുവിൻ! കാണുവിൻ! ലോക-പരി
ത്രാതാവതിങ്കുകേന
പണ്ടിവിടിച്ചപിടിച്ച-മൊരു
പാദപത്മങ്ങൾ കൂടഞ്ഞു.

ആനന്ദമോടുവിയത്തിൻ-നേരെ
നോക്കിക്കിടക്കുന്ന കല്യാൻ
പാരമഴകുള്ള തേജഃ-പുഞ്ജം
പോലെവിലസുന്ന പുല്ലിൽ.

പാരിനുടയവനായ-സ്വർഗ്ഗ
രാജൻ ശയിക്കുന്ന പുല്ലിൽ
പച്ചപ്പുല്ലാംബരമല്ലെ-പുല്ലാ
യിട്ടുവിരിച്ചിരിക്കുന്നു.

പൂമ്പട്ടതന്നിലെടുത്തു-വച്ച
മാണിക്യക്കല്ലിനു തുല്യം
ദിവ്യമഹിമികൾപീശി-മല
ർങ്ങുകിടക്കുമീ ബാലൻ.

ഊഴിയാമീയഴലാഴി-കെഴു
മാഴത്തിലാണ്ടുകുഴഞ്ഞ
പാഴമനുഷ്യരെയെല്ലാം-പരി
പാവനമാക്കുവാൻ വന്ന

കാരുണ്യമൂർത്തിയിതല്ലൊ! കണ്ണി
നാനന്ദമൂർത്തിയിതല്ലൊ!
വാടികതന്നിൽവിരിഞ്ഞ-പുതു
റോസ മലരുമിതല്ലൊ!

ആമയമൊക്കെയകറും-ദിവ്യ
മായമരുന്നുമിതല്ലൊ!
ഭൂമിയിലുള്ളിരുൾനീക്കും-പ്രഭ
യേറും വിളക്കുമിതല്ലൊ!

വാനവർ വന്നുനിരന്നു-ദിവ്യ
ഗാനങ്ങൾ പാടുന്നുനിന്നു
ആവനവാസപ്രദേശം-മൊരു
സ്വർഗ്ഗമായ്ത്തീർന്നിരിക്കുന്നു.

ആട്ടിടയന്മാരും കേട്ടു-ള്ളുട്ടം
കൂട്ടമായോടിവരുന്നു
ആശ്ചര്യമാശ്ചര്യമെന്നു-മവർ
തങ്ങളിൽനിന്നരുളുന്നു.

തേങ്കനിമാവിലിരുന്നു-പില
മാങ്കുരുന്നാഭീകരിതിന്നും
പൂങ്കുയിൽ പാടിപ്പുരന്നു-നിജ
സൃഷ്ടിതാവിങ്കലണഞ്ഞതു.

പല്ലവസൂനങ്ങളേറും-പല
വല്ലിവിടപികൾതോറും
ചാരുതരം സ്വരമേറും-പില
ശാരികമാരുമനേകം.

പാടവമോടവർപാടി-മൊരു
വീണകളൊക്കെമുഴക്കി
കാരുണ്യവാരുധി തന്നെറ-തിരു
നാമത്തെ വാഴ്ത്തിനാരെങ്ങും.

തെന്നലതിലുലയുന്ന-പന
യോലകൾ താഴ്മ്മനിന്നു
മന്നിനുടയവൻ തന്നെറ-മഹ
നീയമാം മാളികകണ്ടു.

ആലവട്ടം കണക്കുള്ള-പല
താലവൃന്തങ്ങളെക്കൊണ്ടു
തങ്ങടെ സൃഷ്ടിതാവിങ്ക-ലവർ
വീശിത്തുടങ്ങിനാർ മന്ദം.

യാത്രാമദ്ധ്യത്തിൽ ജ്ഞാനികളുടെ മുമ്പിൽനിന്നു നക്ഷത്രം മറഞ്ഞു.

ഉണ്ണിയുറങ്ങുറങ്ങുണ്ണി-എന്റെ
കണ്ണെയുറങ്ങുറങ്ങുണ്ണി
എന്നമ്മ പാടുന്നിരുന്നു-ഭിവ്യ
ബാലക സന്നിധി തന്നിൽ.

പുഞ്ചിരിച്ചണ്ടും കരുത്തി-ലേന്തി
മന്ദസ്മിതങ്ങളും തൂകി
എപ്പോഴും ചാരത്തുതന്നെ-സിദ്ധൻ
യെയസേപ്പു താതനുമുണ്ട്.

മാമകഭാഗ്യമെ! യെന്റെ-കണ്ണി
നാനന്ദസൂനമെ!! നിന്റെ
ചാരുസ്മിതങ്ങളെക്കണ്ടി-ട്ടിനി
ക്കേറുന്നോരാഗ്രഹമുണ്ട്.

പാപമഖിനതയേറു-മിവ
നൊന്നുകരുത്തിലെടുത്തു
ചിൽക്കാതൽത്തുവും മുഖത്തൊ-രുമ്മ
വയ്ക്കുവതിന്നടനുണ്ണി.

താതമാതാക്കളിൽനിന്നോ-രുന്ന
വാദമൊ മഹ്യമതെങ്കിൽ
മോടമോടെങ്കരുമിപ്പോൾ-തിരു
മേനിയെ മാറിലണയ്ക്കും!

നെപ്പോളിയൻ ചക്രവർത്തി എഷ്ഷേൽദെസാവു എന്ന സ്ഥലത്തുകൂടിയുള്ള ഒരു വഴിയെ തന്റെ കീഴുള്ള ഒരു ഇഞ്ചിനീയരുമൊരുമിച്ചു യാത്ര ചെയ്യുകയായിരുന്നു. ഇടയ്ക്കുനിന്നുകൊണ്ട് അടുത്തുള്ള ഒരു മലയെ ചൂണ്ടിക്കാണിച്ചിട്ട് ഇഞ്ചിനീയരോടു ചോദിച്ചു: "ആ മലയുടെ ഉള്ളിൽക്കൂടി ഒരു തുരങ്കമുണ്ടാക്കി അതിൽക്കൂടി സൈന്യത്തെ കൊണ്ടുപോകാൻ സാധിക്കുമോ?" ഇഞ്ചിനീയർ: "സാധിക്കുമെന്നു തീർച്ചതന്നെ. പക്ഷെ"— "എയ്, പക്ഷെ എന്നു പറയേണ്ട. ക്ഷണം അതു ചെയ്യു" എന്നായിരുന്നു ചക്രവർത്തിയുടെ മറുപടി.

* * *

ത്രിബുളെ എന്ന മനുഷ്യനെ പ്രാൻസിലെ രാജാവായിരുന്ന ഫ്രാം പ്രാൻസിസിന്റെ കൊട്ടാരത്തിൽ വെടിപറയുകയായിരുന്നു തൊഴിൽ. താൻ ഒരിക്കൽ ആക്ഷേപിച്ച ആ രാജ്യത്തിലെ പ്രബലനായ ഒരാൾ തന്നെ കൊല്ലുവാനിരിക്കുന്നു എന്നു അയാൾ അറിഞ്ഞു. രാജാവിനോടു സഹായമപേക്ഷിച്ചു. "ഭയപ്പെടേണ്ട, ആരെങ്കിലും നിന്നെ കൊല്ലുന്നപക്ഷം അതിനു ഒരു മണിക്കൂറിനുശേഷം ആയാളെ ഞാൻ കഴുവിൽ തൂക്കിക്കൊല്ലുന്നതാണ്" എന്നു രാജാവു കല്പിച്ചു. "അതുപോരാ, തിരുമേനി, അതിനു ഒരു മണിക്കൂറിനുമുമ്പു അയാളെ കഴുവിൽ തൂക്കാൻ ഉത്തരവുണ്ടാകണം" എന്നു ത്രിബുളെ മറുപടി പറഞ്ഞു.

---

* എങ്കിലും അവർ നിരാശപ്പെടാതെ യാത്രയുന്നുകൊണ്ടിരുന്നു.

മത്സരകഥ.

കടവിശ്ശേരിയിലെ കൊലക്കേസ്. (തുടർച്ച)

(ഒരു ചെറുകഥ)

(ശ്രീമൻ സി. എ. മാത്യു, കല്യൻ.)

IV.

പ്രക്ഷോഭജനകമായ കടവിശ്ശേരി കൊലക്കേസ് വിസ്തരിക്കുന്നതു കേൾപ്പാൻ സെഷ്ൻസ് കോടിൽ വിരൽവെക്കാൻ ഇടമില്ലാതെ ആളുകൾ നിറഞ്ഞു. സർക്കാർഭാഗം വാദിക്കുന്ന വക്കീലിനെപ്പോലെതന്നെ പ്രതിഭാഗത്തേക്കു വാദിക്കുവാൻ മോനിക്ക അനവധി പണം ചിലവുചെയ്തു വരുത്തിയ വക്കീലും സുപ്രസിദ്ധനായിരുന്നു. സർക്കാർ വക്കീൽ ഒരു പ്രാരംഭ പ്രസംഗത്തോടെ കേസ്സ് ആരംഭിച്ചു. തെളിവ് ശേഖരിച്ചു. കടവിശ്ശേരി, പെരുമ്പാമ്പുകുഴുംബങ്ങൾ തമ്മിലുള്ള പാരമ്പര്യ വഴക്കു, തോമസും ലോനപ്പനും തമ്മിൽ കേസ്സിനു രണ്ടാഴ്ചക്കുമുമ്പുണ്ടായ പ്രത്യേകവഴക്കു, അന്നു രണ്ടുപേരും ചെയ്ത പ്രതിജ്ഞ, ബാങ്കിലേയ്ക്കു ലോനപ്പൻ പോയ 3000 ഉറുപ്പിക എടുക്കാനാണെന്ന് തോമസ് അറിഞ്ഞിരുന്നു വെന്നതു, കുട്ടിയുടെ സുഖക്കേടിനു ചികിത്സയ്ക്കുവേണ്ടി ധാരാളം പണം ചിലവിട്ടതുകൊണ്ടു തോമസ്സ് തൽസമയം വളരെ ബുദ്ധിമുട്ടിലായിരുന്നുവെന്ന വാസ്തവം, കേസ്സ് നടന്ന സമയം തോമസ് കപ്പേളയിലൊ സമീപത്തൊ ഉണ്ടായിരുന്നു വെന്നതു, ലോനപ്പന്റെ ദേഹത്തിൽ ഉണ്ടായിരുന്നുവെന്നു വിചാരിക്കപ്പെട്ടന്ന അമ്പതു ഉറുപ്പിക നോട്ടുകളിൽ ഒന്നു തോമസിന്റെ കീശയിൽനിന്നു കിട്ടിയ സംഗതി, എന്നിവ ഓരോന്നും പടിക്കു പടിയായി സാക്ഷികളിൽ നിന്നു തെളിയിച്ചു അദ്ദേഹം ഇരുന്നു. ഇതുവരെയുണ്ടായ തെളിവുകൾകൊണ്ടു തോമസ് കുറ്റക്കാരനെന്നു ബലമായി സംശയിക്കാമെങ്കിലും പ്രതിഭാഗം തെളിവുകൊണ്ടു അതെല്ലാം ഒഴുക്കുമെന്നാണ് തോമസിന്റെ ഗുണകാംക്ഷികളായ അവിടെ കൂടിയിരുന്ന ജനങ്ങളിൽ മിക്കവരും വിചാരിച്ചിരുന്നതു. എന്നാൽ പ്രതിയുടെ മൊഴികൊണ്ടുതന്നെ ആ പ്രതീക്ഷ അസ്ഥാനത്തിലായെന്നു അവർക്കു മനസ്സിലായി. തോമസ് പ്രസ്തുത ദിവസം രാത്രി എങ്ങും പോയിരുന്നില്ലെന്നും വീട്ടിൽതന്നെ ഉണ്ടായിരുന്നുവെന്നും പറയണമെന്നു പ്രതിഭാഗം വക്കീൽ മുൻകൂട്ടി ചട്ടംകെട്ടിയിരുന്നിട്ടും അദ്ദേഹവും മകനും

ദൈവം നമ്മെ ഉപേക്ഷിച്ചപോലെ ചിലപ്പോൾ നമുക്കു തോന്നിയേക്കാം.

ളുമിയും ഉണ്ടായ സത്യമെല്ലാം ബോധിപ്പിക്കുതന്നെ ചെയ്തു. താൻ അസമയത്തു് കപ്പേളയിൽ പോയ്തു് എന്തിനെന്നോ, കത്തി തന്റെ വളപ്പിനകത്തു് വന്നതെങ്ങിനെയെന്നോ, കാണാതെപോയ നോട്ടു് തന്റെ കീശയിൽ പെട്ടതെങ്ങിനെയെന്നോ നിയമദ്ദ്യോ സ്വീകരിക്കത്തക്ക സമാധാനം പറയുവാൻ പ്രതിക്കു കഴിഞ്ഞതുമില്ല. അതുകൊണ്ടു കൂടുതൽ സാക്ഷികളെ വിസ്തരിക്കാതെ പ്രതിഭാഗം വക്കീലും വിസ്താരം മതിയാക്കി.

സർക്കാർ വക്കീൽ പ്രസംഗത്തിന്നായി എഴുന്നേറ്റു. ചങ്ങലയുടെ കണ്ണികളെന്നോണം പടിക്കുപടിയായി കിട്ടിയ തെളിവിന്റെ സഹായത്തോടുകൂടി തോമസിനു ലോനപ്പനോടു പൂർവ്വ വിരോധം ഉണ്ടായിരുന്നുവെന്നും, പണത്തിനു് ബുദ്ധിമുട്ടായിരുന്നുവെന്നും ലോനപ്പൻ മുപ്പതു് ഉറുപ്പിക വാങ്ങാനാണു് ബാങ്കിൽ പോയതെന്നു് തോമസ് അറിഞ്ഞിരുന്നുവെന്നും അതിനാൽ പക വീട്ടുവാനും പണം തട്ടാനുംവേണ്ടി പ്രതി മനഃപൂർവ്വം ലോനപ്പനെ കൊന്നതാണെന്നും അദ്ദേഹം വാദിച്ചു. ലോനപ്പന്റെ കാലശേഷം ലോനപ്പന്റെ ഓഹരിസ്വത്തിനു അവകാശി ളൂസിയാണെന്നും മോനിക്കയെ തോമസ് വിവാഹംചെയ്യാനിരുന്നതാണെന്നും അങ്ങിനെ കടവിശ്ശേരി സ്വത്തും സുന്ദരിയായ മോനിക്കയും തനിക്കാക്കാമെന്നു് പ്രതി വിചാരിച്ചിരിക്കണമെന്നും ലോനപ്പൻ ജീവിച്ചിരിക്കെ മോനിക്ക തോമസിനെ വിവാഹംചെയ്യാൻ അനുവദിക്കയില്ലെന്നു പ്രതിക്കറിയാമായിരുന്നുവെന്നും മറ്റും ചില ഊഹങ്ങളും ഏതാനും രേഖകളുടെ സഹായത്തോടുകൂടി അദ്ദേഹം തട്ടിവിടാതിരുന്നില്ല.

മേൽപറഞ്ഞ കാരണങ്ങളാൽ പ്രതി മരണശിക്ഷയ്ക്കു് അർഹനാണെന്നു് സമർത്ഥിച്ചു് വക്കീൽ പ്രസംഗം മതിയാക്കി.

പ്രതിഭാഗം വക്കീൽ ദീർഘനേരം പ്രസംഗിച്ചില്ല. പ്രതിയുടെ മൊഴിയും മറ്റു തെളിവുകളും പ്രതികൂലമായിരിക്കുമ്പോൾ വക്കീലിന്റെ സാമർത്ഥ്യം ഫലിക്കുന്നതെങ്ങിനെ? തോമസ് സർവ്വ സമ്മതനായ ഒരു മാന്യനാണെന്നും കുറ്റം ചെയ്യുന്നതു കണ്ടവരാരുമില്ലെന്നും, പ്രതി കുറ്റം സമ്മതിച്ചിട്ടില്ലെന്നും അസമയത്തു് പ്രാർത്ഥിക്കുവാൻ കപ്പേളയിൽ പോയതല്ലാതെ പ്രതിക്കു മറ്റൊരു കുറ്റവും താൻ കാണുന്നില്ലെന്നും, വളപ്പിനകത്തേക്കു കത്തി ഇരുന്നിരുന്ന ആക്കെങ്കിലും എറിയാവുന്നതാണെന്നും മറ്റും ചില യുക്തികൾകൂടി അദ്ദേഹം പ്രധാനമായി രണ്ടു വാദങ്ങളാണു് കൊണ്ടു വന്നതു്. പ്രതി അസമയത്തു് കപ്പേളയിൽ പോയ്തു് മറ്റാരും അറിഞ്ഞിട്ടില്ലാതിരിക്കെ അതു അദ്ദേഹം എറ്റുപറഞ്ഞതു് പ്രതിയുടെ സത്യസന്ധതയുടെ

അപ്പോഴും ദൈവവിശ്വാസത്തിൽ ഉറച്ചുനിന്നു നാം നന്മചെയ്തുകൊണ്ടിരിക്കണം.

നിഷ്കളങ്കതപത്തിന്നും ഉത്തമ ലക്ഷ്യമാണെന്നതായിതന്നെ അതിനാൽ ഒന്നാമത്തേതു്. രണ്ടാമത്തേതു് പ്രതിയുടെ കീശയിൽനിന്നു കണ്ടുകിട്ടിയ നോട്ടിനെക്കുറിച്ചായിരുന്നു. പ്രതി ലോനപ്പനെ കൊന്ന നോട്ടുകൾ എടുത്തെങ്കിൽ ബാക്കി ആ നോട്ടുകൾ എവിടെ? മറവുചെയ്തതാണെങ്കിൽ ഇതൊന്നുമാത്രം കീശയിലിടുവാൻ കാരണമെന്തു്? അതിനാൽ നോട്ടു കണ്ടുകിട്ടിയതുകൊണ്ടു മാത്രം കൊലക്കുറ്റം പ്രതിയിൽ ആരോപിക്കുവാൻ പാടുള്ളതല്ലെന്നും മറ്റു സാധുവായ തെളിവുകൾ ഇല്ലാതിരിക്കെ ഊഹങ്ങളെയും സംശയങ്ങളെയും മാത്രം അടിസ്ഥാനപ്പെടുത്തി ഒരാളെ തൂക്കിലിടുവാൻ വിധിക്കുന്നതു് ശരിയല്ലെന്നും ഊഹത്തെ അടിസ്ഥാനമാക്കി കല്പിച്ച അനേകം വിധികൾ സത്യത്തിനു നേരെ വിപരീതമായിരുന്നുവെന്നു് ഒടുവിൽ തെളിഞ്ഞിട്ടുണ്ടെന്നും ഈ കാരണങ്ങളാൽ തന്റെ കക്ഷിയെ നിർദ്ദോഷിയാക്കി വിട്ടയക്കണമെന്നും ശക്തിയായ ഒരു പ്രസംഗം നടത്തി അദ്ദേഹവും ഇരുന്നു. കേസ് അടുത്തദിവസം വിധിപറവാൻ നീട്ടിവെച്ചു.

V.

കടവിശ്ശേരി കൊലക്കേസ് വിധിപറയുന്നതു കേൾക്കാൻ സെഷ്യൻസ് കോടതിയിൽ ഫാ മണിക്കുമുമ്പു ആളുകൾ തിങ്ങിക്കഴിഞ്ഞു. ഫാ മണിക്കു കുപ്പായവസ്ത്രം ധരിച്ചു് ബെഞ്ചിൽ ഹാജരായ ജഡ്ജി നൂറു പായ കടലാസ്സുകളിലായി എഴുതി തീർത്തിരുന്ന ജഡ്ജ്മെൻറ് വായനതുടങ്ങി. തെളിവുകൾ എല്ലാം പ്രതിക്കു വിരോധമാണെന്നും അവയെ ഖണ്ഡിക്കുന്ന ഒരു എതിർ തെളിവും ഇല്ലെന്നും അതിനാൽ തോമസ് മനഃപൂർവം ലോനപ്പനെ കൊന്നതാണെന്നു ബോദ്ധ്യമാകുന്നുവെന്നും അങ്ങിനെയുള്ള കുറ്റത്തിനു് മരണശിക്ഷ കൊടുക്കേണ്ടതു് അത്യാവശ്യമാകയാൽ താൻ പ്രതിയെ തൂക്കിക്കൊല്ലുവാൻ വിധിച്ചിരിക്കുന്നുവെന്നുമായിരുന്നു അതിന്റെ ചുരുക്കം. പ്രതീക്ഷിക്കാത്തവിധം ധൈര്യത്തോടെ തോമസ് ഈ വിധിക്കു കീഴ്പ്പെടുന്നതായി തലകുനിച്ചു് ശാന്തതയിൽനിന്നു. എങ്കിലും തത്സമയം പിന്നിൽ നിന്നിരുന്ന ക്ലാസിയും മോനിക്കയും വാവിട്ടു കരയുകയാൽ അദ്ദേഹം സ്വല്പനേരത്തേക്കു മോഹാലസ്യപ്പെട്ടുപോയി.

ഒരു മാസത്തിനകത്തു് അപ്പീൽ വിധിയും പ്രസ്താവിക്കപ്പെട്ടു. ഹൈക്കോടതിക്കാർ കീഴ്കോർട്ട് വിധി ശരിവെച്ചു. ഏതാനും ദിവസത്തിനകത്ത് വിധി നടത്തുവാൻ രാജകല്പനയും കിട്ടി. അതിനാൽ അടുത്ത ശനിയാഴ്ച കാലത്തു് ന്യൂ മണിക്കു വിധിനടത്തും നിശ്ചയിക്കപ്പെട്ടിരുന്നു.

തനിക്കടുത്തിരുന്ന മരണത്തെക്കുറിച്ച് ധ്യാനിച്ചുകൊണ്ട് തോമസ് ജെയിലിൽ കിടക്കുന്നു. അദ്ദേഹത്തിന്റെ അകാല നിര്യാണത്തെക്കുറിച്ചു നാട്ടുകാരിൽ പലരും മനസ്താപപ്പെട്ടുകൊണ്ട് തങ്ങളുടെ നിത്യ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ ജെയിലിനടുത്ത് ഒരു മറി കൂലിക്കു വാങ്ങി താമസിക്കുന്ന രണ്ടു പെൺകുട്ടികൾ മാത്രം തോമസിന്റെ ഈ കഷ്ടകാലത്തെ ഓർത്ത് ഇടവിടാതെ കണ്ണുനീരിട്ടുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും കഴിച്ചുകൂട്ടുന്നു. ആ പെൺകുട്ടികൾ ലൂസിയും മോനിക്കയുമാണെന്നു പറയേണ്ടതില്ലൊ. മരിക്കുന്നതിനുമുമ്പിൽ തന്റെ പിതാവിനെ ദിവസേന കണ്ടുകൊണ്ടിരിക്കണമെന്നു ശാഠ്യംപിടിക്കുന്ന ലൂസിയെ തൃപ്തിപ്പെടുത്താനാണ് താൻ പട്ടണത്തിൽ താമസിക്കുന്നതെന്നു മോനിക്ക തന്റെ കായ്ത്സ്ഥൻ മാത്തുവിനോടു പറയാറുണ്ടായിരുന്നെങ്കിലും അവളുടെ കലങ്ങിയ കണ്ണുകളും വിളറിയ മുഖവും വഴിയായി അതിനു മറ്റെന്തൊ കാരണംകൂടിയുണ്ടെന്ന് സൂത്രക്കാരനായ അയാൾ ധരിക്കാതിരുന്നില്ല. എന്നാൽ മാത്തു മനസ്സിൽ എന്തുതന്നെ ധരിച്ചാലും അയാൾ അതു പുറത്തു പറഞ്ഞില്ല.

പ്രാഴാഴ്ച രാത്രിയായി. ലൂസിയുടെ കരച്ചിലും പ്രാർത്ഥനയും വർദ്ധിച്ചുതന്നെ വരുന്നു. ചിലപ്പോൾ അവൾ വിചാരമഗ്നയായിരിക്കും. അടുത്ത നിമിഷത്തിൽ പൊട്ടിക്കരയും. ഉടനെ എല്ലാ നിയമങ്ങളേയും നിയമപണ്ഡിതന്മാരെയും ശപിക്കും. മറ്റൊരിക്കൽ മുട്ടുകുത്തി പ്രാർത്ഥിക്കും. ഇങ്ങിനെ സമയംകഴിക്കുന്ന ലൂസി ഒരിക്കൽ മോനിക്കയോടു് "ചേച്ചി! ഒരുസമയം വധശിക്ഷ നടക്കുന്നതിനു മുമ്പിൽ എന്തെങ്കിലും കാരണവശാൽ അപ്പച്ചൻ രക്ഷപെടുകയില്ലെന്നു എങ്ങിനെ അറിയാം?" എന്നു പറഞ്ഞു.

മോ. രക്ഷപ്പെടാവുന്നതാണ്. എങ്കിലും അതു സാധാരണയല്ല.

ലൂ. സൂസാനാ ദാനിയേലിനാൽ രക്ഷിക്കപ്പെട്ടതു ചേച്ചി കേട്ടിട്ടില്ലെ? എനിക്കു ആ കഥ അപ്പച്ചൻ പറഞ്ഞുതന്നിട്ടുണ്ട്.

മോ. കേട്ടിട്ടുണ്ട്. എന്നാൽ അതിനു ഒരു പ്രത്യേക ഉദ്ദേശമുണ്ടായിരുന്നു. നമ്മുടെ കായ്ത്തിൽ അങ്ങിനെയൊരു കാരണമുണ്ടെന്നു തോന്നുന്നില്ല.

ലൂ. കുറ്റം ചെയ്യാത്തവർ ശിക്ഷിക്കപ്പെടുവാൻ ദൈവം സമ്മതിക്കുമൊ?

മോ. തക്ക കാരണവശാൽ സമ്മതിക്കും. നമ്മുടെ കർത്താവിന്റെ പാട്ടപീഡകളും മരണവും തന്നെ ഉത്തമ ഉദാഹരണമല്ലെ?

മ്ശിഹായെ എപ്രകാരമാണ് അന്വേഷിക്കേണ്ടതെന്ന് ഇന്നാനിക്കൽ അറിഞ്ഞില്ല.

ള. അതു് മനുഷ്യരക്ഷക്കാവശ്യമായിരുന്നിട്ടാണ് അനുവദിക്കപ്പെട്ടതു്.

മോ. അതുപോലെ അപ്പച്ചന്റെയും നമ്മുടെയും ആത്മരക്ഷയ്ക്കു ഈ മരണശിക്ഷ അത്യാവശ്യമായിരിക്കും എന്നു വിചാരിക്കുക. അതിനാൽ അധികം ആശിക്കേണ്ട.

ള. പത്രോസിനെ ദൈവം തന്റെ ദൂതനെ അയച്ചു തടവിൽനിന്നു രക്ഷച്ചതുപോലെ വന്നക്കൂടെന്നുണ്ടോ?

മോ. വന്നക്കൂടെന്നില്ല. എന്നാൽ സ്നാപക യോഹന്നാൻ യാതൊരു കുറവും ചെയ്യാതിരുന്നിട്ടും കൊല്ലപ്പെടുവാൻ ദൈവം അനുവദിച്ചില്ലെ? പൂവ് ജോസഫ് കാരാഗ്രഹത്തിൽ അടയ്ക്കപ്പെട്ടതു് എന്തുകുറ്റം ചെയ്തിട്ടാണ്? അവരെപോലെ നാമും ദൈവതിരുമനസ്സിനു കീഴ്പ്പെടുന്നതാണു് നല്ലതു്.

ള. ശരിയാണ്. ദൈവമെ! നിന്റെ ഇഷ്ടം നടക്കട്ടെ.

വെള്ളിയാഴ്ച ഉച്ചതിരിഞ്ഞു് നാലുമണിയായി. മരിക്കുവാൻ ഏതാനും മണിക്കൂർ മാത്രമെയുള്ളുവെങ്കിലും തോമസിന്റെ മുഖത്തു കഠിനമായ വ്യസനത്തിന്റെയൊ നിരാശയുടെയൊ ലക്ഷണങ്ങൾ കാണുന്നില്ല. തന്റെ ഏതൊപാപത്തിന്റെ ശിക്ഷയാണ് ഈവിധം അപമാനകരമായ മരണം എന്നു സമാധാനിച്ചു കൊണ്ടു് അയാൾ ദൈവതിരുമനസ്സിനു പൂർണ്ണമായി കീഴ്പ്പെട്ടു ധ്യാനത്തിൽ കഴിച്ചു കൂട്ടുന്നു. തോമസിനു പുതിയുടെ കായ്മ ഓർക്കുമ്പോൾ മാത്രമെ അടക്കുവാൻ കഴിയാത്ത ദുഃഖമുണ്ടായിരുന്നുള്ളൂ. മരണത്തെ അയാൾ ഭയപ്പെട്ടിരുന്നില്ല. എന്നാൽ പുതി അനാഥയാകുന്നതു് അസഹ്യമായിരുന്നു. ഈ സംഗതിയിൽ മോനിക്ക മാത്രമെ അയാൾക്കു ആശ്രയമായുണ്ടായിരുന്നുള്ളൂ. അതിനാൽ അദ്ദേഹം മിക്കപ്പോഴും ഈ രണ്ടു തരുണികളേയും കുറിച്ചു വിചാരിച്ചു കൊണ്ടിരുന്നു. ഒരിക്കൽ ഇങ്ങിനെ വിചാരിച്ചു കൊണ്ടിരിക്കുമ്പോൾ ജയിലർ മുറിയുവന്നു അകത്തു വന്നു. തോമസിനെ കാണ്മാൻ തന്റെ മകളും മോനിക്കയും ഫാദർ ജോണും വന്നിരിക്കുന്നുവെന്നറിയിച്ചു. തടവുകാരൻ സന്തോഷത്തോടെ അവരെ കാണ്മാൻ സമ്മതിച്ചു. ജയിലർ പുറത്തുപോയി ഒരുനിമിഷത്തിനകത്തു് മുൻ പറയപ്പെട്ട മൂന്നുപേരും അകത്തു പ്രവേശിച്ചു.

ആ മുറിക്കകത്തു നടന്ന ദയനീയമായ കൂടിക്കാഴ്ചയെപ്പോലുള്ള സംഭവങ്ങൾ കാണ്മാനൊ എഴുതുവാനൊ നിബ്ബന്ധിതരാകുന്നവർ നിർഭാഗ്യവാ

യ്ഹൃദ പട്ടക്കാരാണ് ആ അറിവു നൽകിയതു്

ന്നാരെന്നില്ലാതെ മറെറല്ലാം. ഈ ശ്രമങ്ങളിൽ യന്ത്രതുല്യരായി പെരുമാറുന്ന ജയിലരുടെയും കാവൽ പട്ടാളക്കാരുടെയും കണ്ണുകളിൽനിന്നു കണ്ണീരൊലിപ്പിച്ച ആ ഹൃദയസ്പർശകമായ കൂടിക്കാഴ്ചയെ കുറിച്ച്, വായനക്കാർ ഊഹിക്കുന്നതെ വേണം. അനുവദിച്ചിരുന്ന ഒരു മണിക്കൂറിൽ പകുതി സമയവും അപ്പനും മകളും തമ്മിൽ ഒരൊറ്റ ആശ്ലേഷം കൊണ്ട് ചിലവാക്കിയെന്ന് പറയുമ്പോൾ ആ അവസാന വേർപാട് എത്ര ഭയങ്കരമായിരുന്നുവെന്നറിയാമല്ലൊ. ദിവസേന ദിവ്യകാരുണ്യം ഉൾക്കൊണ്ടുകൊണ്ട് അവസാന ദിവസങ്ങൾ കഴിച്ചിരുന്ന തോമസിനു തന്റെ ഉപദേശങ്ങൾ അത്ര അത്യാവശ്യമായി തോന്നാഞ്ഞതു കൊണ്ടായിരിക്കാം ഫാദർ ജോൺ മുറിയുടെ ഒരു കോണിൽ നിന്നു കൊണ്ടു കൈലേസെടുത്തു കണ്ണുകൾ തുടച്ചിരുന്നതു. മോനിക്കാ തലകുമ്പിട്ടു കൊണ്ടു ജീവച്ഛവമായി നില്ക്കയല്ലാതെ ഒരക്ഷരം പോലും പറഞ്ഞില്ല. ഹാ! ഇപ്രകാര അവസരങ്ങളിൽ സമയം എത്ര വേഗത്തിൽ പോകുന്നു. പിരിയാൻ ഇനിയും അഞ്ച് മിനിറ്റ് മാത്രമെയുള്ളുവെന്നു ജയിലർ അറിയിച്ചപ്പോൾ മാത്രമാണ് തോമസ് തനിക്കു നിർവ്വഹിക്കേണ്ടിയിരുന്ന ഒരു ഗൗരവമായ കാര്യം ഓർത്തതു. ഉടനെ ക്ലാസിയുടെ കൈപിടിച്ച് മോനിക്കയുടെ കയ്യിൽ വെച്ചിട്ട് പറഞ്ഞു "എന്റെ നിരപരാധിത്വത്തെ വിശ്വസിക്കുന്ന മൂന്നാളുകളെങ്കിലും ഉള്ളതു കൊണ്ട് എനിക്ക് വളരെ ആശ്വാസമുണ്ട്. ഞാനിതാ നിങ്ങളോടു അവസാനമായി പറയുന്നു. മോനിക്കയോടു എനിക്കൊരപേക്ഷയുണ്ട്. ഭാവിയിൽ ക്ലാസിയുടെ അമ്മയുടെ സ്ഥാനം വഹിക്കണമെന്നാണ് ആ അപേക്ഷ. ഞാൻ ജീവിച്ചിരുന്നാൽ ഭേതിയെ ആ സ്ഥാനത്തേക്കു ക്ഷണിക്കണമെന്ന് വിചാരിച്ചിരുന്നതാണു. അതു സഫലീകരിക്കുമെന്നായിരുന്നു എന്റെ പ്രതീക്ഷയും. അതുകൊണ്ടു എന്റെ ഈ അവസാന അപേക്ഷ തള്ളിക്കളയില്ലെന്നു വിചാരിക്കുന്നു."

മോ. താങ്കളുടെ ആഗ്രഹപ്രകാരം ഞാൻ മേലാൽ ക്ലാസിയുടെ അമ്മയായിരുന്നുകൊള്ളാം. താങ്കൾ ജീവിച്ചിരിക്കയും എന്നെ ആ മാന്യ പദവിയിലേക്കു ക്ഷണിക്കുകയും ചെയ്തെങ്കിൽ ഞാൻ സന്തോഷത്തോടെ അതു സ്വീകരിക്കുമായിരുന്നു.

അപ്പോൾ സമയം കഴിഞ്ഞുവെന്ന് ജയിലർ അറിയിച്ചു. ക്ലാസിയെ ഒരിക്കൽക്കൂടി ആശ്ലേഷിക്കയും മോനിക്കയോടു വീണ്ടും യാത്രപറകയും ക്ലാസി അപ്പന്റെ അനുഗ്രഹം അപേക്ഷിച്ചു വാങ്ങുകയും ചെയ്തശേഷം തോമസും തന്റെ പ്രേമഭാജനങ്ങളായ തരുണീമണികളും തമ്മിൽ വേർപെട്ടു.

ടൈപ്പഹിതം എന്തെന്നറിയേണ്ടാമെങ്കിൽ നമ്മുടെ കമ്പോസരക്കാരനോടു ചോദിക്കുക.

അവരെ രണ്ടുപേരെയും ആശ്വസിപ്പിച്ചുകൊണ്ട് വന്ദ്യ വയോധികനായ ഫാദർ ജോൺ ജെയിൽ വിട്ടിറങ്ങുന്നതു് ഏറ്റു കഠിന ഹൃദയന്റെയും മനസ്സിനെ ഉരുക്കുന്ന ഒരു കാഴ്ചയായിരുന്നു.

* * * * * *

ലൂസിക്കും മോനിക്കയ്ക്കും അന്നുരാത്രി കാളരാത്രിതന്നെയായിരുന്നു. മീന മാസത്തിലെ അത്യുഗ്രമായ ഉഷ്ണമൊ, തങ്ങളുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്ന വ്യസനാഗ്നിയുടെ ചൂടോ ഏതാണ് അധികം അവരെ തപിപ്പിച്ചതെന്നു് നിശ്ചയമില്ല. നേരം പാതിരാത്രി കഴിഞ്ഞിട്ടും അവർ കിടന്നിട്ടില്ല. ഉഷ്ണം ക്രമേണ വർദ്ധിച്ചു് അസഹനീയമായതും അവർ അറിയുന്നില്ല. ഉത്തമ കൃസ്ത്യാനിയെപ്പോലെ ദൈവത്തിങ്കലേയ്ക്കു വഴങ്ങി മരിപ്പാൻ തോമസിനു് വരം കൊടുപ്പാൻ തീക്ഷ്ണതയോടുകൂടി പ്രാർത്ഥിക്കുന്ന അവർ അതറിയാഞ്ഞതും അത്ഭുതമല്ല. പെട്ടെന്നു അവരുടെ മുറിയുടെ വാതിൽതുറന്നു വങ്കൻമാത്തു അകത്തുകടന്നു. അടുത്തൊരു ഭവനത്തിനു തീപിടിച്ചു കത്തിക്കാളുന്നുവെന്നും അല്പനേരംകൂടിക്കഴിഞ്ഞാൽ തങ്ങൾ താമസിക്കുന്ന സ്ഥലവും അഗ്നിക്കിരയാകുമെന്നും അതിനാൽ ഉടനെ ഉടുത്തൊരുങ്ങി പുറത്തിറങ്ങണമെന്നുമായിരുന്നു അയാൾക്കു അവരെ അറിയിപ്പാനുണ്ടായിരുന്നതു്. ധൃതിയിൽ ഉടുത്തു പുറത്തിറങ്ങിയ അവർ ജയിലിനടുത്തു വലിയ ഒരു പൊട്ടലിന്റെ ഒച്ചകേട്ടു അങ്ങോട്ടുനോക്കി. ജയിൽമതലിനു പുറത്തു കുറെ ദൂരെയുള്ള ഒരു വെടിക്കെട്ടുഷാപ്പു് കത്തിത്തുടങ്ങിയപ്പോൾ ഉണ്ടായ സ്ഫോടമായിരുന്നു അവർ കേട്ടതു്. അടുത്ത നിമിഷത്തിൽ നാലുവശത്തേക്കും പാഞ്ഞ 'ഇരുമ്പിലുവാണങ്ങ'ളിൽ ഒന്നരണ്ടെണ്ണം ജയിലിൽകടന്നു. ഓലകൊണ്ടു കെട്ടിമേഞ്ഞിരുന്ന പണിപ്പുരയ്ക്കു തീപിടിക്കയും ഉടനേതോടുകൂടി അടിച്ചീരുന്ന കാറിന്റെ സഹായത്തോടുകൂടി തീ പടർന്നുപിടിച്ചു് ക്ഷണനേരംകൊണ്ടു് കഴുമരത്തിനോടടുക്കുകയും ചെയ്തു. കൊലനടത്തുന്നതു് കാണികളിൽനിന്നു മറപ്പാൻവേണ്ടി പരസ്യംകൊണ്ടു കെട്ടി മറച്ചിരുന്നു. കഴുമരത്തിനടുത്തു തീ എത്തിയതുകണ്ടു അതു കെടുത്തുവാൻ ഓടിക്കൂടിയ ജയിൽ ഉദ്യോഗസ്ഥന്മാരുടെ ശ്രമം വിഫലമായി പോകത്തക്കവണ്ണം ഒരുനിമിഷംകൊണ്ടു, കഴുമരവും തട്ടും ചാട്ടം ചരടും എല്ലാം അഗ്നിക്കിരയായി. ഈ യാദൃച്ഛിക സംഭവം കണ്ടുനിന്ന ജനക്കൂട്ടത്തിൽനിന്നു ഉടനെ ഒരാർപ്പുവിളിയുണ്ടായി. നിർദ്ദോഷിയായ തോമസിനെ അന്യായമായി തൂക്കിക്കൊല്ലാൻ പുറപ്പെട്ടതാണ് ഈ അഗ്നിബാധയ്ക്കു് കാരണമെന്നു ജനങ്ങൾ പരസ്യമായി പ്രസ്താവിക്കുന്നതു് കേട്ടപ്പോളാണ് തന്റെ പിതാവിന്റെ മരണശിക്ഷ അന്നു നടക്കയില്ലെന്നു് ലൂസിക്കു മനസ്സിലായതു. (തുടരും.)

അദ്ദേഹം ഉപദേശിക്കുന്നതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുക.

ക്രിസ്തുമസ് ഗാനം.

ശ്രീമാൻ ജോസഫ് ജി. പള്ളിപ്പാടൻ — ഇടപ്പള്ളി.

രാഗം: ഹിന്ദുസ്ഥാൻ തോടി. താളം ആദി.

"ഗാന്ധിമഹാൻപോലുണ്ടോ" എ. മ.

പല്ലവി.— മൂലോകനാഥൻ പരൻ-മാലൊഴിക്കും സുരൻ-
മേദിനീ ജാതനായ്.

അനുപല്ലവി.— കമനീയാകാരൻ-രമണീയസാരൻ.

ചരണങ്ങൾ.— വിമലകൃതകൃപൻ-ഇനശോഭൻ-
ചിത്സ്വരൂപൻ-സർവ്വധാമൻ
തൃണക്കുടിലിൽ മനുജനായി,-
ഉണ്ണി "മിശിഹാ" നാമകനായി,-
നെഞ്ഞുരുകിക്കുന്നിതു-കൊഞ്ചുംമൊഴി തുകുന്നിതു-
നെഞ്ചംകുതുകംകൊണ്ടതി-ലഞ്ചീടെൻസോദരെ! ഹാ! (മൂലോക)

(2) സുരദൂതവൃന്ദം-മധുരസംഗീതം
മഹനീയദിവ്യഗാനം-രസദാനം-
ചെയ്യുംഗാനം-സ്തുതിഗാനം
വിനയാനന്ദമൊടു പാടി,-
വനജാനനനെക്കൊണ്ടാടി,-
ആനന്ദംകൊണ്ടവർ ത-ന്നാനന്ദാസ്യങ്ങളിലായ്
കനിയുന്നോരശ്രുകണം-നിനനീക്കുന്നൗഷധമായ്. (മൂലോക)

(3) പരമാനന്ദാഴി-ത്തിരകളിലായി
പരം വിഹരിക്ക! ലോകം!-അസ്സശോകം-
ഏഴു, നാകം-അതിനേകൻ
ഭൂവിമനുജനായവതാരം,-
അവികലമായ് ചെയ്തു, പകാരം,-
ലോകത്തിനുചെയ്തിടുവാൻ-മോദത്തൊടുജാതൻ 'സുര'
ഓമൽപദപത്മം ഞാൻ-സാഷ്ടാംഗം കൂപ്പുന്നേൻ. (മൂലോക)

ജ്ഞാനികളുടെ ധനം അവരുടെ ജ്ഞാനത്തെ വർദ്ധിപ്പിക്കുന്നു.

കൈക്കൊള്ളപ്പെട്ട ഒരു പരിത്യാഗം.

(ശ്രീമാൻ ജോൺ മാണിക്കനാമ്പറമ്പിൽ.)

ഇന്നു-മാണ്ടു ജൂൺ മാസത്തിലെ അതിമനോഹരമായ പ്രഭാത സമയത്തു സ്പെയിനിലെ ബൂയെൻഡിയ പ്രഭുവിന്റെ കാര്യസ്ഥനായിരുന്ന ജന്നിന്റെ ഭാര്യ മഗ്ദലേനപെറോസ് തന്റെ വാത്സല്യ പുത്രിയായ അന്നയൊന്നിച്ചു തോട്ടത്തിൽ കൂടെ ഉലാത്തുകയായിരുന്നു. അന്ന ഗൌരവവും ഉത്സാഹവുമുള്ള ഒരു കുട്ടിയായിരുന്നു. കാഴ്ചയിൽ തന്നെ അവൾ സുശീലയായ ഒരു പെൺ കുട്ടിയാണെന്നു ആർക്കും മനസ്സിലാക്കാം. നിഷ്കളങ്കതയെ പെട്ടെന്നു ഭഞ്ജിച്ചിട്ടു അവൾ അമ്മയോടിങ്ങിനെ പറഞ്ഞു.

"അമ്മെ, ആ കാണുന്ന മനോഹരമായ റോസപ്പൂക്കളിൽ ഒന്നിനെ പറിച്ചെടുത്തു പരിശുദ്ധ കുമ്പാനയിൽ ഉണ്ണി ഈശോക്കു കൊടുക്കണമെന്നു എനിക്കു വളരെ ആഗ്രഹമുണ്ടു. അമ്മ എന്നെ പള്ളിയിൽ കൊണ്ടുപോയി അൽത്താരയിൽ കയറി നിറുത്തിയാൽ ഞാൻ അതിനെ സക്രാരിയുടെ വാതുക്കൽ തന്നെ വയ്ക്കാം."

"എന്റെ മകളെ, നിനക്കു ഇങ്ങിനെ തോന്നാനുള്ള കാരണമെന്താണ്?"

"എന്നോടുകൂടെ കളിക്കുന്നതിനു സഹോദരന്മാർ ആരുമില്ലല്ലൊ എന്നോർത്തു ഇന്നലെ ഞാൻ കരഞ്ഞപ്പോൾ അമ്മ എന്നോടു പറഞ്ഞതെന്താണ്? ഉണ്ണിഈശോ എന്റെ സഹോദരനാണെന്നും അദ്ദേഹം എന്നെ സ്നേഹിക്കുമെന്നും ഞാൻ ദിവസേന ചെയ്യുന്നതെല്ലാം അദ്ദേഹം സൂക്ഷിക്കുന്നുണ്ടെന്നും ഞാൻ നല്ലവളായിരുന്നാൽ ഒരിക്കൽ മോക്ഷത്തിൽ വച്ചു അദ്ദേഹത്തെ കാണാമെന്നുമല്ലെ അമ്മ പറഞ്ഞതു?"

"എന്റെ അന്നെ, നീ തീർച്ചയായും ഒരു അസാധാരണ കുട്ടിതന്നെ. ആകട്ടെ, പിന്നീടു നീ എന്തു തീരുമാനിച്ചു?"

"ഞാൻ പറയാം. അമ്മ ചിരിക്കരുതു്. ഞാൻ പൂക്കളെ, പ്രത്യേകിച്ചു റോസപ്പൂക്കളെ, വളരെ ഇഷ്ടപ്പെടുന്നുണ്ടെന്നു അമ്മക്കു അറിയാമല്ലൊ. നല്ലതായി ഒരു റോസപ്പൂ പറിച്ചെടുത്തു കൊണ്ടു അദ്ദേഹത്തിന്റെ മുറിയുടെ വാതുക്കൽ ചെന്നു "നോക്കു, എന്റെ ഉണ്ണി ഈശോയെ! ഇതാണു ഞാൻ എറ്റവും ഇഷ്ടപ്പെടുന്നതു. ദയവായി എന്നെ കാണ്മാൻ വരണെ." എന്നു പറഞ്ഞു അദ്ദേഹത്തെ വിളിക്കണം."

മൂഢന്മാരുടെ ധനം അവരുടെ മൂഢതയെ വളർത്തുന്നു.

അല്പം മന്ദഹാസത്തോടെ തന്റെ ഓമന മകളെ താലോടിക്കൊണ്ടു ആ സ്ത്രീ പറഞ്ഞു. "നീ അങ്ങിനെ ചെയ്യണമെന്നാഗ്രഹിക്കുന്നെങ്കിൽ ഏറ്റവും നല്ല ഒരു റോസപ്പൂതന്നെ തിരിഞ്ഞെടുക്കണം. എന്നാൽ എന്റെ മകളെ, നീ ഒരു സംഗതി പ്രത്യേകം അറിഞ്ഞിരിക്കേണ്ടതുണ്ടു. നമുക്കു ഏറ്റവും പ്രീയപ്പെട്ടതിനെ അദ്ദേഹം കൂടുതൽ ഇഷ്ടപ്പെടുന്നു. ഇതിനെ നാം പരിത്യാഗം എന്നു പറയുന്നു.

"'പരിത്യാഗം?' കൊള്ളാം. ഇന്നലെ പെഡ്രോ അമ്മാവൻ സമ്മാനിച്ച ഡക്കറ്റ് നാണയം ഞാൻ സൂക്ഷിച്ചിട്ടുണ്ടു. ശീഘ്രംതന്നെ ഞാൻ അതിനു ഒരു 'പരിത്യാഗം' വാങ്ങി ഈശോക്കു കൊടുക്കും."

ചിരിച്ചുകൊണ്ടു അവളുടെ അമ്മപറഞ്ഞു. "എന്റെ അന്നേ, അതു പണംകൊടുത്തു വാങ്ങാവുന്ന ഒരു സാധനമല്ല. പരിത്യാഗം എന്നു പറയുന്നതു, നമ്മുടെ ഓരോ സന്തോഷങ്ങളെയും ആഗ്രഹങ്ങളേയും ആശകളേയും രംശോയെക്കുറിച്ചു ഉപേക്ഷിച്ചുകളയുന്ന പ്രവൃത്തിക്കാണു്. ഉദാഹരണമായി, നീ പൂപറിക്കാൻ പോകുമ്പോൾ നമ്മുടെ തോട്ടക്കാരൻ ആ കീഴവൻ അൽഫോൻസ്സ് നിന്നെ കണ്ടുമുട്ടുകയും നിന്നോടു ആ പൂ ആവശ്യപ്പെടുകയും ചെയ്താൽ ഉണ്ണിരംശോയെക്കുറിച്ചു നീ അതു അയാൾക്കു കൊടുക്കുന്നെങ്കിൽ അതിനെ ഒരു പരിത്യാഗമെന്നു പറയാം!!

ആ പെൺകുട്ടി ഏറ്റവും ആഹ്ലാദത്തോടെ ചിരിച്ചുകൊണ്ടു പറഞ്ഞു: "എന്തായാലും ഇന്നു അയാൾക്കു ഈ തോട്ടത്തിൽ പണിയില്ലാത്തതു വളരെ നന്നായി. ഇന്നത്തെ പൂ എനിക്കു ആവശ്യമുണ്ടു്." ഇതുയും പറഞ്ഞിട്ടു അവൾ ഒരു ഇടവഴിയെ തിരിഞ്ഞു "കീഴവൻ അൽഫോൻസ്സോവിന്നു കിട്ടില്ലെന്റെ പൂ" എന്നു പാടിക്കൊണ്ടു ഓടിപ്പോയി. കുറേനേരം അവളെ നോക്കിനിന്നിട്ടു അവളുടെ അമ്മ വേറൊരു വഴിയെ ഗൃഹത്തിലേക്കും പോയി.

അന്നു പോയതു റോസച്ചെടികൾ നില്ക്കുന്നിടത്തേക്കായിരുന്നു. എന്നാൽ അവൾ അതു എളുപ്പത്തിൽ തൃപ്തിപ്പെട്ടില്ല. ഓരോ ചെടിയുടേയും അടുത്തുചെന്നു അതിലുള്ള എല്ലാ പൂക്കളേയും വളരെ ശ്രദ്ധയോടെ അവൾ പരിശോധിച്ചുനോക്കി. അതിൽ ഒന്നു വളരെ ചെറുതായിപ്പോയി. ഒന്നു അല്പം വാടിയതായിരുന്നു. വേറൊന്നിനു മണം കുറവായിരുന്നു. അവസാനം അവൾ ആശിച്ച ഗുണങ്ങളോടുകൂടിയ ഒരു റോസപ്പൂ അവളുടെ ദൃഷ്ടിയിൽ പെട്ടു. തന്റെ ചെറിയ കൈത്തണ്ടുകളെ അതിന്റെ നേരെ

ചെയ്ത ഉപദ്രവം മുഴുവനും മാപ്പു ചോദിച്ചതുകൊണ്ടുമാത്രം നീങ്ങുകയില്ല.

നീട്ടി അവൾ അതിനെ പറിച്ചു. ഉടനെ "അണ്ണാ, എനിക്കു ഒരു പൂ തരൂ" എന്നു ഏറ്റവും മാധുര്യമായ ഒരു ശൈശവത്തിന്റെ ശബ്ദംകേട്ടു അവൾ പെട്ടെന്നു തിരിഞ്ഞുനോക്കി. അതിഭീഷ്മിയോടുകൂടിയ ഒരു വെള്ള അങ്കി ധരിച്ച സുമുഖനായ ഒരു ചെറുബാലൻ തന്റെ മുമ്പിൽ നിൽക്കുന്നതിനെ അവൾ കണ്ടു. തന്റെ ദൃഷ്ടിയെ കീഴ്പോട്ടു തിരിച്ചുകൊണ്ടു അല്പം ഭയത്തോടെ അവൾ അവനോടിങ്ങിനെ പറഞ്ഞു.

"നിനക്കു പൂ വേണമെങ്കിൽ കിഴവൻ അൽഫോൻസ്സു നിന്നെ കാണാൻ ഇടയാകുംമുമ്പെ ഒരു പൂ പറിച്ചെടുത്തുകൊണ്ടു ഓടി പൊയ്ക്കൊള്ളുക. അയാൾക്കു കുട്ടികളോടു തീരെ ഇഷ്ടമില്ല. നിന്നെ ഇവിടെ കണ്ടാൽ കോപിക്കും."

"ഇല്ല; നിന്റെ കയ്യിലിരിക്കുന്ന ആ ഒരു പൂ മാത്രം എനിക്കു തന്നാൽ മതി."

അന്ന വല്ലാതെ പരുങ്ങി. അല്പനേരം മൌനമായി നിന്നശേഷം അവൾ പറഞ്ഞു "ഈ പൂ എന്റെ ഉണ്ണിഭഗവാൻശോക്കു കൊടുപ്പാനായി ഞാൻ പറിച്ചെടുത്തതാണെങ്കിലും, അദ്ദേഹത്തെക്കുറിച്ചുതന്നെ നിനക്കു ഇതിനെ ഞാൻ തരുന്നു." എന്നു പറഞ്ഞുകൊണ്ടു ദൃഷ്ടിയെ ഉയർത്തി തന്റെ കൈയ്യിലിരുന്ന റോസപ്പൂ ആ ബാലന്റെ കൈയ്യിൽ വച്ചുകൊടുത്തു. ഒരു ദിവ്യപുഞ്ചിരിയോടെ അതിനെ ആ ബാലൻ സ്വീകരിച്ചു. എന്നാൽ അവന്റെ മുഖത്തെ കാന്തി പതിന്മടങ്ങു വർദ്ധിക്കുന്നതിനേയും അസാധാരണമായ ഒരു പ്രഭയാൽ അവൻ ചുറ്റപ്പെട്ടിരിക്കുന്നതിനേയും കണ്ടു് അന്ന അത്യാഹ്ലാദത്തോടെ ഉറക്കെ ചോദിച്ചു. "അങ്ങുതന്നെയാണൊ എന്റെ ഈശോ, എന്റെ ദൈവം?" "അതെ" എന്നുള്ള ഉത്തരം ഒരു മന്ദഹാസത്താൽ അവളെ മനസ്സിലാക്കിയിട്ടു ആ ബാലൻ അവളുടെ ദൃഷ്ടിയിൽ നിന്നും മറഞ്ഞു.

* * * *

കൊല്ലങ്ങൾ എഴുപതു കഴിഞ്ഞു. ഫ്രാൻസ്-രാജ്ഞി ഡിസമ്പർ മാസത്തിൽ ഒരു ദിവസം കാലത്തു വില്ലനോവാ തെരുവിൽ കൂടി പട്ടണവാസികളായ ജനങ്ങൾ അവിടത്തെ കമ്മലീത്ത മഠക്കാരുടെ ദേവാലയത്തെ ലക്ഷ്യമാക്കി പായുന്നു. ധനികരും ദരിദ്രരും കുലീനരും കുലഹീനരും തുടങ്ങിയ ആ ജനാവലി തങ്ങൾ 'വിശുദ്ധ' എന്നു വിളിക്കുന്നതിനു ആഗ്രഹിക്കുന്ന

ആരോടും യാതൊരുപദ്രവവും ചെയ്യാതിരിക്കയാണ് വേണ്ടതു്.

വിളിക്കയും ചെയ്യുവന്ന ആ കമ്മലീത്താ കന്യാസ്ത്രീയുടെ മൃതശരീരത്തെ ഒരു നോക്കു കാണുന്നതിനു മാത്രമാണ് ഇത്ര ബദ്ധപ്പെട്ട പൊയ്ക്കൊണ്ടിരുന്നത്. ഭക്തിയിൽ വിഖ്യാതി നേടിയ വി. ആഗ്നസ്തീനോസ്സിന്റെ അന്ന അമ്മയുടെ മരണം ഒരു വിധത്തിലും അവക്കു സഹിക്കാൻ പാടുള്ളതായിരുന്നില്ല. ദേവാലയത്തിന്റെ മദ്ധ്യഭാഗത്തായി ഉയർന്ന ഒരു പീഠത്തിന്മേൽ ദർശിക്കത്തക്കവിധം വയ്ക്കപ്പെട്ടിരുന്ന ആ മൃതശരീരത്തിൽ വീശിയിരുന്ന സ്വർഗ്ഗീയമായ ഒരു പ്രഭ കാണികൾക്കു അത്യാശ്ചര്യത്തെ ഉളവാക്കി. ഈ പ്രവാസ ജീവിതത്തെ വിട്ട താൻ ബാല്യത്തിൽ കാണ്മാൻ ആഗ്രഹിച്ച ആ പരമ കാരുണികന്റെ സാമീപ്യത്തെ പ്രാപിച്ചതിനാലുള്ള സന്തോഷം അവളുടെ മുഖകമലം പ്രസ്പഷ്ടമാക്കിയിരുന്നു. അവളുടെ ജീവിതകാലത്തിൽ അവൾക്കു ലഭിച്ച അത്ഭുതകരമായ അനേക ദൈവാനുഗ്രഹങ്ങളിൽ ആദ്യത്തേതു മാത്രമായിരുന്ന ഉണ്ണി ഈശോ അവളുടെ തോട്ടത്തിൽ വച്ചു അവൾക്കു പ്രത്യക്ഷമായതു്. പ്രാർത്ഥനയോടുള്ള പ്രതിപത്തി, ആത്മാക്കളുടെ രക്ഷയിലുള്ള ആസക്തി, അയൽവാസികളോടുള്ള അനുകമ്പ, ഇതുകളിലാണ് വി. ആഗ്നസ്തീനോസ്സിന്റെ ബ. അന്നാ അമ്മ കമ്മലയിൽ പ്രശോഭിച്ചിരുന്നതു. അവളുടെ സാന്നിദ്ധ്യംതന്നെ സുരക്ഷിതമായ ഒരു കോട്ടപോലെ ആ നഗരവാസികൾ കരുതിപ്പോന്നു. ഈ വിശുദ്ധയുടെ തിരുശേഷിപ്പുകൾ അവർ ഇന്നും തങ്ങളുടെ വിലമതിക്കാൻ പാടില്ലാത്ത നിക്ഷേപമായി സൂക്ഷിച്ചുവരുന്നു.

മുമതലയൊ ഉപവിയൊ നിബന്ധിക്കുന്നില്ലെങ്കിൽ, അന്യന്മാരുടെ കുറ്റങ്ങളെക്കുറിച്ചു നിങ്ങൾ ഒരിക്കലും സംസാരിക്കരുതു്. അവരുടെ ഗുണങ്ങളെക്കുറിച്ചു സംസാരിക്കുക. എത്ര മഹാ ദുഷ്ടനിലും ചില ഗുണങ്ങൾ ഉണ്ടായിരിക്കും. ഒളിഞ്ഞു കിടക്കുന്ന ആ ഗുണങ്ങളെ കണ്ടെത്തുവാൻ തക്ക സൂക്ഷ്മതയെ ഉപവി നമ്മുടെ കണ്ണുകൾക്കു നൽകും. തെറ്റിപ്പോകുന്നവനെ നിർദയമായി കുറ്റം പറഞ്ഞാൽ അവന്റെ ഹൃദയം കട്ടക്കയും അവൻ തെറ്റിൽ ഉറക്കയും ചെയ്തേക്കും. എന്നാൽ വിവേകത്തോടും ഉപവിയോടും കൂടി അവന്റെ ഗുണങ്ങളെക്കുറിച്ചു പറഞ്ഞാൽ അവന്റെ ഹൃദയം മാർദവമാകയും അവൻ തെറ്റിൽ നിന്നു പിൻമാറുകയും ചെയ്യും. ശവ കുറ്റങ്ങൾ ഇതിനു നല്ല ദൃഷ്ടാന്തങ്ങളാണ്. എന്തെന്നാൽ, അവയുടെ ഉള്ളിൽ മറവുചെയ്തിട്ടുള്ളവരെക്കുറിച്ചു അവ എപ്പോഴും നല്ലതു പറയുന്നു.

ഇതുപോലെ കുറ്റം സംസാരിക്കുന്നതു് സൽസ്വഭാവത്തിന്റെ ലക്ഷണമല്ല.

ബാൻറു നോട്ട്. (തേവാരിതേവനെ കാപ്പായ് എ. മ.)

നാകാധിവാസാനമസ്തേ
ലോകാധിനാഥാനമസ്തേ
ശോകാപഹാരിൻനമസ്തേ
ലോകന്തയ്യാമിൻനമസ്തേ
സകലമരാമരഗുരുവേ സാതചി
കസദ്ഗുണതരുവേ സാഷ്ടാം
ഗം ദിവ്യ പിതാവേ
സർവ്വഭൂതങ്ങളുമതുളി സന്മാ
ർഗ്ഗവ്യതിചലനം സംഭവിയാ
തെദയവായ് കാത്തുകൊ
ള്ളേണമേ നാഥാ.

ശ്രീമാൻ വി. എസ് ആൻഡ്രൂ.

ഇംഗ്ലണ്ടിലെ ഫാം ജെയിംസ് രാജാവിനു ഫലിതം പറയുന്നതുകേൾപ്പാൻ വളരെ ഇഷ്ടമായിരുന്നു. അങ്ങിനെ പറയുന്നതിൽ അദ്ദേഹം വളരെ സ്വാതന്ത്ര്യവും അനുവദിച്ചിരുന്നു. ഒരിക്കൽ തൻറെ സേവകന്മാരിൽ ഒരുവനെ അദ്ദേഹം കലശലായി ശകാരിച്ചു. "ഈശ്വരാ, തിരുമേനി രാജാവായതുകൊണ്ടു, രാജ്യത്തിനു ഒരു ഒന്നാന്തരം വിഡ്ഢി നഷ്ടപ്പെട്ടു" എന്നായിരുന്നു ആ സേവകൻ അപ്പോൾ പറഞ്ഞ ഫലിതം.

* * *

സിമ്മർമെൻ എന്ന പ്രസിദ്ധനായ വൈദ്യൻ മഹാനായ പ്രെഡറിക്ക് ചക്രവർത്തിയെ ചികിത്സിക്കുന്നതിനായിചെന്നു. ചക്രവർത്തി അദ്ദേഹത്തോടു് ചോദിച്ചു. "വൈദ്യരെ, നിങ്ങളുടെ സഹായത്താൽ അനേകമാളുകൾ പരലോകത്തിലേയ്ക്കു പോയിട്ടുണ്ടായിരിക്കാം, ഇല്ലെ?" ഈ ചോദ്യം വൈദ്യനു ഒട്ടും പിടിച്ചില്ലെന്നു പറയേണ്ടല്ലൊ. എങ്കിലും അതിനുതക്ക മറുപടി പറയാൻ അദ്ദേഹം മടിച്ചില്ല. "തിരുമേനി, അവിടുത്തെ സഹായത്താലാണു് കൂടുതൽ ആളുകൾ പോയിട്ടുള്ളതു്. എന്നല്ല, അതുകൊണ്ടുള്ള ഗുണം എന്നെക്കാളധികം അവിടുത്തേയ്ക്കാണു സിദ്ധിച്ചിട്ടുള്ളതു" എന്നായിരുന്നു ആമറുപടി.

സൽസ്വഭാവി അനന്തരാളുടെ സംസാരം ക്ഷമാപൂർവ്വം കേൾക്കുന്നു.

അലോഷ്യസിന്റെ ലോകത്യാഗം.

സീൻ I.

(കാസ്റ്റിലിലെയാണ് അരമനയിലെ ഒരു ഹാളിൽ സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്ന രാജാവും മന്ത്രിയും ദൃശ്യരാകുന്നു.)

രാജാ:— ഇതിൽ നിങ്ങൾക്കുള്ള അഭിപ്രായം കേൾക്കട്ടെ!

മന്ത്രി:— എന്തു്? സ്ഥാനത്യാഗം ചെയ്യുകയൊ? തിരുമേനി കായ്മയിട്ടു പറയുകയാണൊ?

രാജാ:— ഞാൻ വളരെ കായ്മയിട്ടു പറയുകയാണു്. വാർദ്ധക്യവും രോഗവും എന്റെ ഭരണനിപുണതയെ നാൾക്കുനാൾ നശിപ്പിക്കുന്നതു ഞാൻ നല്ലവണ്ണം കാണുന്നു. രാജ്യകാര്യങ്ങൾ ശരിയായി നിർവഹിക്കുക സുഖകരമല്ലെന്നു വരുമ്പോൾ തന്റെ ഭാരമേറിയ മുതലകൾ മറെറാരുത്തനെ ഭരമേല്പിക്കുകയാണു് പ്രജാവത്സലനായ ഒരു രാജാവു ചെയ്യേണ്ടതു്. അതിനാൽ സ്ഥാനത്യാഗം ചെയ്യുകയാണുത്തമമെന്നു് എന്റെ മനസ്സാക്ഷി വിധിക്കുന്നു.

(ഗാനം "രത്നങ്ങളിൽവച്ചു്" എന്ന മട്ടു്.)

രാജാ:— മന്ത്രി പ്രവര! കഥിക്കുവൊ, നിതാന്തമതാനെന്നോമതം?
രാജ്യതന്ത്രജ്ഞരെന്തോന്നരുളുന്ന ശാസ്ത്രത്തിലെന്നോരുചൊന്നീ
[ടുക.

മന്ത്രി:— രാജവംശത്തിൽ ജനിച്ച കിരീടംധരിച്ച നരവരർക്കു,
പ്രജാസംരക്ഷണം ധർമ്മമെന്നു ഘോഷിക്കുന്നു വിദ്വജ്ജനം പ്രൗ
ഢമേ!

രാജാ:— ചെങ്കോൽധരിക്കുകരത്തിനു ശക്തിക്ഷയംവന്നുവെന്നാകിലോ,
അല്ലൽ, വാർദ്ധക്യകാലത്തു പ്രാപ്തിച്ചുസഹ്യമായ കായ്മതേടേണ്ട
യോ?

മന്ത്രി:— കർത്തവ്യകർമ്മങ്ങൾ കൃത്യമായ് ചെയ്യുന്ന മർത്ത്യനുപ്രത്യേകമായ്
നിത്യക്ഷയമാർന്നുകിട്ടുവതിനുള്ള മാർഗ്ഗംതേടേണ്ടഹോരാജ! വേണ്ടെന്നുതോന്നുന്നു
മേ.

അല്പജ്ഞാനം ദൈവജ്ഞാനത്തെ നശിപ്പിച്ചേക്കാം.

രാജാ:— എന്റെ ധർമ്മം പ്രജാസംരക്ഷമാണെന്നുള്ളതു ശരി. പക്ഷേ! സർവ്വഥാ യോഗ്യനായ എന്റെ പ്രഥമപുത്രനെ രാജാവായി അഭിഷേകം ചെയ്ത ശേഷം ഞാൻ സ്ഥാനത്യാഗം ചെയ്യുന്നതിൽ എന്താണു ധർമ്മം?

ഗാനം "ശ്രീചിത്തിര" എന്ന മട്ട്.

1. ശീലഗുണശോഭിത പ്രസൂനമോമൽസൂനു
മാലകറ്റി ലോകരെ-പാലനം ചെയ്തീടും.

2. രാജനീതിതാതനെ പോൽഭൂതദയയോടെ
മൽപ്രജകൾക്കേകിടും-രാജസൂനുവുനം (ശീലഗുണ.)

3. ഉത്തമനെന്നതുപേക്ഷം വാഴ്ത്തിടമലോഷ്യസ്
കാത്തീടും ജനങ്ങളെ-അത്യാനന്ദത്തോടെ. (ശീലഗുണ.)

മന്ത്രി:— സ്വാമിൻ! കൊച്ചുതിരുമേനിയുടെ സൌശീല്യാദി സൽഗുണഗണങ്ങളെപ്പറ്റിയോ, പ്രജാവത്സലതയെപ്പറ്റിയോ ജനതതിയുടെയിടയിൽ അഭിപ്രായവ്യത്യാസമില്ല. അദ്ദേഹം സ്ഥാനാരോഹണം ചെയ്യുന്നതിൽ ബഹുജനങ്ങൾ ആബാലവൃദ്ധം സന്തോഷിക്കുമെന്നതിലും സന്ദേഹമില്ല. എന്നാൽ, അദ്ദേഹം രാജാവാകുന്നതിനു ഒരു വലിയ പ്രതിബന്ധമുണ്ട്.

രാജാ:— എന്താണത്? കേൾക്കട്ടെ?

ഗാനം "ംരംപരകൃപയാലിക്ഷിതിപാലന" എന്ന മട്ട്.

യുവരാജാവിനു നൃപതിയാവാനുള്ളൊരു പ്രതിബന്ധം
എവ്വിധമുളവായ്? ആരിൽനിന്നു? ചൊന്നീടുക മന്ത്രീ!

മന്ത്രി:— ഭൌതികജീവിതഗതിയിൽ കൊതിയില്ലാത്തൊരു സാത്വികനാം
സുതനൊരുനൃപതിയാവാനഹിതം കരുതിടുമകതളിരിൽ.

രാജാ:— സംശയമതിനെ തോന്നുകയാൽ ഞാൻ സുതനെയുമൊരുസഹിതം
ദേശാടനമതിനായി നിയോഗിച്ചതിനൊരു പ്രതിവിധിയായ്.

മന്ത്രി:— മുനിവരസമുചിത ഗൌരവമൌനം, ആഗ്രഹസംയമനം
ധ്യാനം, ഭോജനത്യാഗാദികളാണിന്നും സുതനുമഹിതം.

അശാധേജ്ഞാനം ഭൈവേജ്ഞാനത്തെ വർദ്ധിപ്പിക്കുയേ ഉള്ളൂ.

തിരുമേനീ! യുവരാജാവിന്റെ നടപടികൾ കണ്ടാൽ, അദ്ദേഹം ഈ പ്രപഞ്ചസുഖത്തെ ദ്വേഷിക്കുന്നെന്നും, ലൌകിക ബഹുമതികളും ആഡംബരങ്ങളും ത്യജിച്ച് ധ്യാനനിരതനായി ദിനങ്ങൾ നയിക്കുന്നതിനാണുദ്ദേശിക്കുന്നതെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു.

രാജാ:— അതുകൊണ്ടുതന്നെയാണ് പട്ടാഭിഷേകം ഇനിയും നീട്ടിവയ്ക്കാതെ ഉടനെ നടത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നതു്. കാലം ദീർഘിക്കുന്തോറും കുമാരന്റെ വിരസത പ്രബലമായി വരും. അതിനു് ഒരിക്കലും ഇടകൊടുക്കുവാൻ പാടില്ല. ഇപ്പോളല്ലെങ്കിൽ എന്റെ മരണാനന്തരം രാജ്യം ഭരിക്കേണ്ടതു കിരീടാവകാശിയായ അലോഷ്യസ് തന്നെയാണല്ലൊ. അതുകൊണ്ടു് 'ശ്രുത്യൈശീഘ്ര്യം' എന്ന പ്രമാണാനുസാരം ഉടനെ പട്ടാഭിഷേകം ആഡംബരമായി നടത്തണമെന്നു ഞാൻ തീർമ്മാനിക്കുന്നു. മന്ത്രി അതിനു വേണ്ട ഒരുക്കങ്ങൾ വേഗം ചെയ്യുക.

മന്ത്രി:— ഇതുസംബന്ധമായ വിളംബരം പ്രസിദ്ധപ്പെടുത്തുന്നതിനു മുൻപു്, അവിടുന്നു നേരിട്ടോ, കുമാരന്റെ ഗുരുവും ആപ്തമിത്രവുമായ പീറ്റർ പ്രാൻസീസ് വഴിയാലെയോ, അദ്ദേഹത്തിന്റെ അഭിമതം അറിയുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

രാജാ:— സകലത്തിലും എന്റെ ഇംഗിതസാദ്ധ്യതല്പരനായി ഇതേവരെ കഴിഞ്ഞുപോന്നിട്ടുള്ള അലോഷ്യസ്, ഇക്കാര്യത്തിൽ എനിക്കനിഷ്ടമായ ഒരഭിപ്രായം പ്രകടിപ്പിക്കുമെന്നുള്ള ശങ്ക അസ്ഥാനത്താണ്. എങ്കിലും നിങ്ങളുടെ അഭിപ്രായം ആദരണീയമാകയാൽ അങ്ങിനെ ചെയ്യുന്നതിനു വിരോധമില്ല. അതിനാൽ നിങ്ങൾ പോയി പീറ്റർ പ്രാൻസീസിനെ ഇങ്ങോട്ടയക്കുകയും, കിരീടധാരണമഹോത്സവത്തിനു വേണ്ട ഒരുക്കങ്ങൾ ത്വരിതയിൽ നടത്തുകയും ചെയ്യുക.

മന്ത്രി:— ഉത്തരവു്.

(പോകുന്നു.)

രാജാ:— (ആത്മഗതം.) മന്ത്രി പറഞ്ഞതു ശരിയാണ്. ഒരുപക്ഷേ അലോഷ്യസ് വിസമ്മതിച്ചേക്കുമോ?

നിസ്സാരകാര്യങ്ങളിലും മഹാന്മാർ മാഹാ മനസ്കത കാണിക്കും.

ഗാനം. "കമനീമണിയവൾ" എ മ.

സുഗുണനിധിയായ നന്ദനഹിതമിതിൽ
എതിരാവാനിടയാകുമോ?
പതിവായിതുവരെ - താതനാമിവനുടെ
ഹിതമേതതുതാനെ - സുതനും വിഹിതംതാൻ
പരിപാവനശീലനവനേതുചെയ്താലും
പരിഭവം വരികില്ലമേ.
മമമോഹമതുപോലെ സകലം ഭവിച്ചീടാൻ
തരികവരഗുണമിവനു നരകുല
ഭരിതഹാരിണി പരമനായകി (സുഗുണ)

അലോഷ്യസ് അഥവാ ഒഴികഴിവു പറകയാണെങ്കിൽ കായ്മം കുഴപ്പത്തിലാകും. ആട്ടെ! ചതുരുപായങ്ങളും പ്രയോഗിച്ചുനോക്കാം. പക്ഷേ, ശിശുവിനെപോലെ നിഷ്കളങ്കനും, ആട്ടിൻകുട്ടിയെപോലെ സാധുശീലനും, വസന്തസൂനംപോലെ പ്രസന്നവദനനുമായ അവനോടു മുഖംകറുത്തു സംസാരിക്കുന്നതിനു് എങ്ങിനെ സാധിക്കും? (ചുറ്റിനടന്നിട്ടു്.) വേണ്ടിവന്നാൽ ചെയ്യാതെ തരമില്ല. അലോഷ്യസിനു സമ്മതമില്ലെങ്കിൽ ആ സ്ഥാനാവകാശി എന്റെ ദ്വിതീയപുത്രനായ റുദോൾഫാണു്. ചൂതുകളികളിലും ഗാനനടനാദികളിലും ഭ്രമിച്ചു്, ഒരുമാതിരി താന്തോന്നിയായി നടക്കുന്ന അവനു് എന്റെ പ്രിയപ്പെട്ട ജനങ്ങളെ ഏൽപ്പിക്കുന്നതിനു നിവൃത്തിയില്ല. അലോഷ്യസിന്റെ സമ്മതത്തിലാണു് എന്റെ സമാധാനവും, രാജ്യത്തിന്റെ ഐശ്വര്യവും, ജനങ്ങളുടെ സൌഭാഗ്യവും അടങ്ങിയിരിക്കുന്നതു്. അതിനാൽ ഏതു നയം പ്രയോഗിച്ചെങ്കിലും അവനെ കിരീടം ധരിപ്പിച്ചേതീരു. അതിനുള്ള ഒരുക്കങ്ങൾ ഉടൻജ്ജിതമായിത്തന്നെ നടക്കട്ടെ. (ഉച്ചത്തിൽ) ജോൺ! ജോൺ!

(അണിയറയിൽ വിളിക്കേൾക്കുന്നു.) (തുടരും.)

സകല പുരാണങ്ങളിലെയും കെട്ടുകഥകളെല്ലാം ഞാൻ വിശ്വസിക്കാം. എന്നാൽ ഈ പ്രപഞ്ചത്തിന്റെ സൃഷ്ടാവായി ഒരാൾ ഇല്ലെന്നു എനിക്കു വിശ്വസിക്കാൻ സാധിക്കയില്ല. (ബേക്കൺ)

അങ്ങിനെ ചെയ്യാത്തവർ സാക്ഷാൽ മഹാന്മാർ അല്ലതന്നെ.

പൂർവ്വക്രിസ്ത്യാനികളെ കണ്ടെത്തിയത്.


ഒ.വ. ഫാദർ തോമസ് പാണാട്ട്.

ഫ്രാൻസിസ്ക്കോസ് ശെരിയാർ പുണ്യവാനാണല്ലൊ ജാപ്പാൻ രാജ്യത്തു ആദ്യമായി സുവിശേഷം പ്രസംഗിച്ചത്. അദ്ദേഹത്തിന്റെ വേദപ്രചാരവേല മറ്റു മിഷ്യനരിമാർ സ്തുർഹമായി തുടർന്നു കൊണ്ടിരുന്നു. അതിന്റെ ഫലമായി ആ രാജ്യക്കാരിൽ പലരും ക്രിസ്ത്യാനികളായി. എന്നാൽ ഇടക്കാലത്തു അവിടത്തെ അധികാരികൾ ക്രിസ്തുമതത്തെ പീഡിപ്പിക്കയും അനേകം ക്രിസ്ത്യാനികൾ രക്തസാക്ഷി മുടി ധരിക്കയും ചെയ്തു. അതിൽ പിന്നെ വളരെക്കാലത്തേക്കു മിഷ്യനരിമാർക്ക് ആ നാട്ടിൽ പ്രവേശം അനുവദിച്ചിരുന്നില്ല.

പതിനാറാം നൂറ്റാണ്ടിന്റെ മദ്ധ്യദശയോടുകൂടി ജാപ്പാനിൽ മതസ്വാതന്ത്ര്യം അനുവദിച്ചു തുടങ്ങി. അതിനാൽ മിഷ്യനരിമാർ വീണ്ടും ആ രാജ്യത്തു ചെന്നു, വേദസാക്ഷികളുടെ രക്തത്താൽ നനക്കപ്പെട്ട ആ ഭൂമിയിൽ സുവിശേഷം വിതക്കാൻ ആരംഭിച്ചു. നാഗസാക്കി എന്ന പ്രസിദ്ധ തുറമുഖത്താണ് അവർ ആദ്യമായി കപ്പേളകൾ സ്ഥാപിച്ചതു്. പതിനെട്ടാമാണ്ടു മാർച്ച് മാസം പതിനഞ്ചു ആ നാട്ടുകാരായ ഒരു കൂട്ടം ആളുകൾ ഒരു കപ്പേളയുടെ മുൻവശത്തു ചെന്നു നിന്നു എന്തോ സംശയഭാവത്തിൽ അതിനുള്ളിലേക്കു നോക്കി. പട്ടക്കാരനെ കണ്ടതോടുകൂടി അവർ ഭയപ്പെട്ടു ഓടുവാൻ ഭാവിച്ചു. എങ്കിലും അദ്ദേഹം അടുത്തുചെന്നപ്പോൾ അവർ ധൈര്യം അവലംബിച്ചു സംഭാഷണം തുടങ്ങി. അദ്ദേഹം അനുസരിക്കുന്ന മതമേതാണെന്നു അറിയേണമെന്നായിരുന്നു അവരുടെ ആഗ്രഹം. അവർ ആ വിവരം ചോദിച്ചു. പട്ടക്കാരൻ മറുപടിയും പറഞ്ഞു. അതുകൊണ്ടു തൃപ്തിപ്പെടാതെ അവർ പിന്നെയും ഓരോ ചോദ്യങ്ങൾ ചെയ്തു. അവക്കു മൂന്നുകാര്യങ്ങളാണ് പ്രധാനമായി അറിയേണ്ടിയിരുന്നതു്. ആ പട്ടക്കാരൻ വിവാഹം കഴിച്ച ആളാണൊ? അദ്ദേഹത്തിനു ദേവമാതാവിനോടു ഭക്തിയുണ്ടൊ? അദ്ദേഹം അനുസരിക്കുന്ന മതത്തിന്റെ തലവൻ റോമാപ്പാപ്പായാണൊ? ഈ ചോദ്യങ്ങൾക്കു അവർ ആശിച്ച മറുപടി കിട്ടിയപ്പോൾ അവരുടെ സംശയമെല്ലാം നീങ്ങി; അവർണ്ണനീയമായ സന്തോഷവുമുണ്ടായി. തങ്ങളുടെ ആത്മീയ പിതാക്കന്മാർ തിരിയെ വന്നിട്ടുണ്ടെന്നു അവർ ഗ്രഹിച്ചു. സന്തോഷത്തിന്റെ കണ്ണുനീർ അവരുടെ മുഖത്തു

കൂടി ഒഴുകുകയും അവർ സാഷ്ടാംഗം കുമ്പിട്ട അദ്ദേഹത്തെ നമസ്കരിക്കയും ചെയ്തു. അതിനുശേഷം അവരുടെ ചരിത്രം പറഞ്ഞു.

അവർ അടുത്തുള്ള മലയിലെ ഒരു ഗ്രാമത്തിൽ പാർക്കുന്നവരാണ്. അനേക പുരുഷാന്തരങ്ങൾക്കുമുമ്പു ഒരു മിഷ്യനറി അവിടെ സുവിശേഷം പ്രസംഗിക്കയും അവരുടെ പൂർവ്വന്മാരെ മാമ്മോദീസാ മുക്കുകയും ചെയ്തിരുന്നു. അങ്ങിനെയിരിക്കയിലാണ് അവിടങ്ങളിൽ ഭയങ്കരമായ വേദനെയുക്കമുണ്ടായത്. അപ്പോൾ ആ പട്ടക്കാരനെ ശത്രുക്കൾ ബലമായി പിടിച്ചുകൊണ്ടുപോകയും, തൽമൂലം അവർക്ക ആത്മികപിതാവു ഇല്ലാതാകയുംചെയ്തു. എങ്കിലും തങ്ങളുടെ സത്യവിശ്വാസത്തെ അവർ ഉപേക്ഷിച്ചില്ല. കാവ്യമതക്കാരാൽ ചുറപ്പെട്ടിരുന്നിട്ടും, അവർ അതിനെ ഭദ്രമായി പാലിക്കയും സന്താനങ്ങൾക്ക ദാനംചെയ്കയുമാണുണ്ടായത്. എന്നാൽ വേറൊരു ആത്മിയപിതാവിനെ അയച്ചുകൊടുക്കണമെന്ന അക്കാലമൊക്കയും അവർ ദൈവത്തോടു പ്രാർത്ഥിച്ചുമിരുന്നു. വേദനെയുക്കകാലത്തു വൃദ്ധനായ ആ മിഷ്യനറി അവരെ വിട്ടു പോകേണ്ടിവന്നപ്പോൾ, വിശുദ്ധ പൌലോസ്ശ്ലീഹാ ചെയ്തപോലെ, അദ്ദേഹം അവർക്ക വേണ്ട ഉപദേശം നൽകുകയുണ്ടായി. അനന്തരകാലങ്ങളിൽ യൂറോപ്പു രാജ്യങ്ങളിൽനിന്നു പലെ പുതിയ മത പ്രാസംഗികന്മാരും വന്നുകൊണ്ടിരിക്കുമെന്നും, അസത്യ മതക്കാരായ അവരെ തിരിച്ചറിഞ്ഞു അവരുടെ തെറ്റിൽ അകപ്പെടാതിരിക്കാൻ അവരോടു മൂന്നു കായ്ങ്ങൾ ചോദിക്കണമെന്നും, ആ ചോദ്യങ്ങൾക്ക നൽകുന്ന മറുപടിയിൽനിന്നു അവർ ദൈവത്താൽ അയയ്ക്കപ്പെട്ടവർ ആണൊ അല്ലയൊ എന്നു അറിയാമെന്നും ആ മിഷ്യനറി പറഞ്ഞുകൊടുത്തിട്ടുണ്ടായിരുന്നു. പൂർവ്വന്മാരിൽനിന്നു പാരമ്പര്യമായി കിട്ടിയ പ്രസ്തുത ഉപദേശമനുസരിച്ചാണ് അവർ അപ്പോൾ കണ്ട പട്ടക്കാരനോടു ആ മൂന്നു കായ്ങ്ങൾ ചോദിച്ചതു. ആ ചോദ്യങ്ങൾക്ക ശരിയായ മറുപടി പറഞ്ഞതിനാൽ അദ്ദേഹം കത്തോലിക്ക പട്ടക്കാരനാണെന്നു അവർ വിശ്വസിക്കയും അദ്ദേഹത്തെ ആത്മിയപിതാവായി സ്വീകരിക്കയും ചെയ്തു. അന്നുമുതല്ക്കാണ് ജപ്പാൻരാജ്യത്തിൽ കത്തോലിക്ക സഭയുടെ രണ്ടാമത്തെ ഉദയം ഉണ്ടായതു.



"ഒരാത്മാവിനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുവാൻ സാധിച്ചാൽ, അതു ഇന്ത്യയിൽ വളരെനാളായിചെയ്ത ക്ലേശങ്ങൾക്കുമായ പ്രയത്നങ്ങൾക്കുതക്ക പ്രതിഫലമായി ഞാൻ പരിഗണിക്കുന്നു"

(വി. ഫ്രാൻസിസ്സ്സാവ്യർ)

"മാതാവെ! നിന്നെ ഞാൻ കണ്ടിട്ടുണ്ട്"


ശ്രീമാൻ ആർ. ആർണി തൊകലത്ത്.

(ഗാഥ)

പുത്തനാണ്ടെത്തുന്നു: പൂതമാം ചിന്തകൾ
പൊത്തിക്കുലുൾപ്പുന്ന മായീടുന്നു
സ്വാഗതം സ്വാഗതം നവ്യസംവത്സര-
മാതാവെ! സ്വാഗതം സർവ്വകാലം!
വന്നാലും വന്നാലും മാതാവേ! വന്നാലും
ഉന്നത സൈപ്രുങ്കൽ നർക്കും തായെ!
പക്ഷികളമ്മേ! നിൻ കീർത്തികൾ ഗാനത്താ-
ലക്ഷീണ മെങ്ങും പരത്തീടുന്നു!
സ്മിതമന്ദ ഹാസവും തൂകി വികസിച്ച
പൂവിര നിന്നെ വണങ്ങീടുന്നു!
മന്ദമായാഗതൻ സൗരഭമേന്തിക്കൊ-
ണ്ടെങ്ങുമെ സഞ്ചരിച്ചീടുന്നംബേ!
പ്രാകൃത ശില്പിതൻ പ്രാഭവമൊക്കെയും
പ്രസ്പഷ്ട മാക്കിത്തെളിഞ്ഞു പാരം
മാഹാത്മ്യ മേറുന്ന വത്സര മതോവി-
ന്നാഹാഹാ! മാഗ്ഗമലങ്കരിച്ചു!
ലോകൈക നാഥൻ തൻ നന്ദനനമ്മേ നിൻ
ശോകങ്ങൾ സർവ്വതും രീക്ഷവാനായ്
രക്തമാം പീയൂഷ വർഷം പൊഴിഞ്ഞിതാ
ദൈവത്തിൽ പ്രീതി വളർത്തീടുന്നു!
മംഗളം മംഗളം മംഗളമെന്നിതാ
ക്രൈസ്തവരുച്ചരിക്കും ഗാന പൂരം
നിസ്തുല സന്തുഷ്ടി പോക്കുമാറെങ്ങുമെ
മാറൊലി കൊള്ളുന്ന കണ്ണുങ്ങളിൽ!
നമ്മെയാരാക്കത്തുങ്ങളെപ്പോഴും ചിത്തരാർ
നന്നാക്കി രക്ഷകൻ യേശുവിനെ

അവനവന്റെ കുറ്റങ്ങളെ നിസ്സാരങ്ങളെന്നുവച്ചു തള്ളുക.

ഉർക്കൊണ്ടു പുത്തനാം വൈമല്യ ജീവിതം
കൈക്കൊണ്ടു സംതൃപ്തരായിടുന്നു !
ലോകവും ലോകരും നാകവും വാനവ-
രാകയും മംഗളം മംഗലമെന്നെ
പാടിസ്തുതിച്ചിടും നവ്യ സംവത്സര-
മാതാവേ ! നിന്നെ ഞാൻ കുമ്പിടുന്നേൻ !



ബേർനാഡ്‌വാൺ എന്നു പേരുള്ള സുപ്രസിദ്ധനായ ഒരു ഇംഗ്ലീഷ് സഭക്കാരൻ അച്ചൻ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്നു. അദ്ദേഹം മരിച്ചിട്ടു ഒന്നര രണ്ടു കൊല്ലമേ ആയുള്ളൂ. തന്റെ ബാല്യദശയിലെ അനുഭവങ്ങളെക്കുറിച്ചു രചിച്ചിട്ടുള്ള ഒരു കൃതിയിൽ അദ്ദേഹം പറഞ്ഞിട്ടുള്ള സംഭവമാണ് താഴെ കുറിക്കുന്നതു:

അദ്ദേഹം കൊച്ചുകുട്ടിയായിരുന്ന കാലത്തു ഒരുദിവസം വൈകുന്നേരം അമ്മ അദ്ദേഹത്തെ എടുത്തു മടിയിലിരുത്തിക്കൊണ്ടു, ഈ ഭൂമിയിലുള്ള എല്ലാവരേക്കാളധികം അമ്മയാണ് അദ്ദേഹത്തെ സ്നേഹിക്കുന്നതെന്നു പറഞ്ഞു. എന്നിട്ട് ആ സ്നേഹത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു വിസ്തരിച്ചു. അപ്പോൾ അദ്ദേഹം അമ്മയുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു അവരുടെ മുഖം നിറച്ചു മുത്തി. അവർ അല്പം നേരത്തേയ്ക്കു ശബ്ദിച്ചില്ല. അനന്തരം തുടുത്തുപ്പെട്ട രൂപമെടുത്തു കുഞ്ഞിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു:— "എങ്കിലും നിന്റെ അമ്മയേക്കാൾ അധികം നിന്നെ സ്നേഹിക്കുന്ന വേറൊരാളുണ്ട്. അയാളുടെ ഉള്ളങ്കൈ കണ്ടോ? എന്റെ ഉള്ളങ്കൈ നോക്കൂ. നിന്റെ അമ്മയുടെ ഉള്ളങ്കൈകളെ ആണികൾ തുളച്ചിട്ടില്ല. നിന്റെ അമ്മയുടെ പാദങ്ങളേയും ആണികൾ തുളച്ചിട്ടില്ല. നിന്റെ അമ്മയുടെ പാവപ്പെട്ട ഹൃദയത്തെ ആരും കുന്തംകൊണ്ടു ക്രൂരതരമായി കുത്തി മുറിച്ചിട്ടുമില്ല. അപ്പോൾ ആരാണ് നിന്നെ അധികം സ്നേഹിക്കുന്നതു? ഈശോതന്നെ, സംശയമില്ല. അതിനാൽ നീ മറ്റാരേയും സ്നേഹിക്കുന്നതിനേക്കാളധികം ഈശോയെ എന്നും സ്നേഹിക്കണം. കാരണം, നിന്റെ അമ്മ നിന്നെ സ്നേഹിക്കുന്നതിനേക്കാൾ വളരെ അധികം ഈശോ നിന്നെ സ്നേഹിക്കുന്നുണ്ട്."

അന്യമാതാക്കളുടെ കുഞ്ഞുങ്ങളെ സാരമുള്ളവയെന്നു കരുതി പരിഹരിക്കുക.

സ്വർഗ്ഗത്തിൽ നേരം പോകുന്നതെങ്ങിനെ?

ശ്രീമാൻ തോമസ് പാൽ, നെംറിക്കാടൻ.

സ്വർഗ്ഗവാസികൾക്ക് അനേകായിരം സംവത്സരങ്ങൾ ഒരു നിമിഷം പോലെയും നരകവാസികൾക്ക് നേരെ മറിച്ചും തോന്നുമെന്നുള്ളതായിരുന്ന ഒരു "ഹരേശാസഭക്കാരന്റെ" പലപ്പോഴുമുള്ള ചിന്താവിഷയം. സമയം ഇത്രവേഗം പോകുന്നതായി തോന്നുവാനുള്ള കാരണം എന്തുതന്നെയായിരുന്നാലും ആ സംഗതിയുടെ വാസ്തവത്തെപ്പറ്റി അദ്ദേഹത്തിന്നു ബലമായ സംശയമുണ്ടായിരുന്നു.

സമയം നാലുമണിയായി. സൂര്യന്റെ അതി കഠിനമായ ചൂടിനാൽ തൊണ്ട വരണ്ട് വൃക്ഷലതാദികളെ അഭയംപ്രാപിച്ചിരുന്ന പക്ഷിക്കൂട്ടം ഇരയുംതേടി മധുരമായി ഗാനംചെയ്ത സങ്കേതസ്ഥാനങ്ങളെ വിട്ട് പുറത്തിറങ്ങിത്തുടങ്ങി. ഉടനേതന്നെ ഹരേശാസഭക്കാരുടെ ആശ്രമത്തിൽ സന്ന്യാസിമാർക്ക് വിശ്രമിക്കുവാനുള്ള മണിയും അടിച്ചു. സന്ന്യാസിമാരെല്ലാം തരുലതാദികളുടെ തണലിലും നദീതീരങ്ങളിലുമായി ലാത്തിക്കൊണ്ടിരുന്നു.

തത്സമയം മൻപാറഞ്ഞ സന്ന്യാസി ആകാശത്തിൽ ഒരു മധുരഗാനം കേട്ടു. മേല്പോട്ടു നോക്കിയപ്പോൾ മൃദുസ്വരത്തിൽ അതി രസമായി ഗാനം ചെയ്തുകൊണ്ടുവരുന്ന ഒരു പക്ഷി അദ്ദേഹത്തിന്റെ ദൃഷ്ടിക്കു വിഷയീഭവിച്ചു. ഈ പക്ഷി ആശ്രമ വളപ്പിനു പുറത്തുള്ള ഒരു വൃക്ഷശിഖരത്തിലിരുന്ന് തന്റെ പാട്ട് ആദ്യത്തെത്തിൽ പതിന്മടങ്ങു മാധുര്യത്തോടുകൂടെ പാടിത്തുടങ്ങി. ആ പാട്ടിന്റെ മാധുര്യത്താൽ മതിമറന്ന് സന്ന്യാസി ആശ്രമത്തിന്റെ പടികടന്ന് പ്രസ്തുത പക്ഷി ഇരുന്നിരുന്ന വൃക്ഷത്തിന്റെ ചുവട്ടിൽചെന്നു നിന്നു. അതിന്റെ സ്വരമാധുര്യത്താൽ അദ്ദേഹം ബാഹ്യചിന്തകൾ എല്ലാം ഉപേക്ഷിച്ച് അതിന്റെ ഗീതത്തെമാത്രം ശ്രദ്ധാപൂർവ്വം ശ്രവിച്ചു. ചുരുക്കത്തിൽ, അദ്ദേഹം ആ സംഗീതത്തിൽ ലയിച്ചുപോയി. കുറെ കഴിഞ്ഞശേഷം പക്ഷി പാട്ടവസാനിപ്പിച്ചു പറന്നുപോകയും ചെയ്തു.

സന്ന്യാസി തന്റെ സ്വപ്നത്തിൽനിന്നുണർന്നു. ഉടനെ സന്ധ്യാജപങ്ങൾക്കായി അടിക്കുന്ന ആശ്രമ മണിയുടെ ക്ലണക്ലണ നാദമാണ് അദ്ദേഹം കേട്ടതു്. "ഓ! സമയം സ്വല്പം അധികമായിപ്പോയി! എങ്കിലും

ആ കിളിയുടെ ഗീതം അതിമനോഹരം തന്നെ » എന്നു പറഞ്ഞു അദ്ദേഹം ആശ്രമത്തിലേയ്ക്കു് ബദ്ധപ്പെട്ടുപോയി.

നമ്മുടെ സന്യാസി ആശ്രമത്തിൽ ചെന്നപ്പോൾ അതിന്റെ വാതിൽ അടച്ചിരുന്നു. ഉടനെ അദ്ദേഹം മണി അടിച്ചു. മണിനാദംകേട്ടു മറ്റൊരു സന്യാസി വന്നു.

വന്ന സന്യാസി:— നിങ്ങൾക്കെന്തുവേണം?

നമ്മുടെ സന്യാസി:— നിങ്ങൾ ആരാണു്?

വ. സ:— എന്റെ ജോലി മണി അടിക്കുന്ന ആളുകളുടെ സന്ദേശങ്ങൾ ആശ്രമത്തിലെ സന്യാസിമാരെ അറിവിക്കയാകുന്നു. നിങ്ങൾക്കെന്തു വേണം? വേഗം പറയു.

ന. സ:— ഞാൻ ഈ ആശ്രമത്തിലെ ഒരു സന്യാസിയായിരിക്കെ എനിക്കെന്തുവേണമെന്നോ? വരുൻ സപ്പല്പമല്ലെ താമസിച്ചൊള്ളു. വാതിൽ തുറക്കു; ഞാൻ കൂടെ വരട്ടേ. മറ്റെ വാതിൽ കാവല്ലാരനു് ഇതുവേഗം മാറ്റമായോ? നിങ്ങൾ പുതിയ ആളാണല്ലെ? എന്നെ അറിയുകയില്ലായിരിക്കും!

വ. സ:— എന്തൊരസംബന്ധമാണിപ്പറയുന്നതു്? നിങ്ങൾ ശുദ്ധ കള്ളം പറയുകയാണല്ലേ? ഞാൻ ഈ ജോലിക്കായി ഇവിടെ വന്നിട്ടു കൊല്ലം ഇരുപതു കഴിഞ്ഞു. ഇവിടെയുള്ള സകല സന്യാസിമാരെയും ഞാൻ അറിയും. നിങ്ങളെ ഞാൻ സ്വപ്നത്തിൽകൂടി കണ്ടിട്ടില്ല.

ന. സ:— ഹേ! ശുദ്ധാത്മാവേ, ഒരു പുതിയ ആളായ നിങ്ങളും ഞാനും തമ്മിൽ തർക്കിച്ചിട്ടു് യാതൊരു കായ്വുമില്ല. നിങ്ങൾപോയി ആശ്രമശ്രേഷ്ഠനെ വിളിച്ചുകൊണ്ടുവരു.

« കൊള്ളാം » എന്നുപറഞ്ഞു ആ സന്യാസിപോയി. ഉടനെ നരച്ചു താടിയും, കാലത്തിന്റെ ആക്രമണത്താൽ ചുക്കിച്ചുളുങ്ങിയ വിടുമുഖവുമായി ഒരു വൃദ്ധസന്യാസി പ്രത്യക്ഷനായി.

വൃ. സന്യാസി:— നിങ്ങൾ എന്താ പറഞ്ഞതു്? ഈ ആശ്രമത്തിലെ ആളാണെന്നോ?

ന. സന്യാസി:— അതേ! അതുതന്നെ ഇപ്പോഴും പറയുന്നു. നിങ്ങളുടെ ആശ്രമശ്രേഷ്ഠൻ എവിടെ?

വൃ. സന്യാസി:— ഞാൻ തന്നേയാണു് ഈ ആശ്രമത്തിന്റെ ശ്രേഷ്ഠൻ. നിങ്ങളെന്താ സ്വപ്നാവസ്ഥയിലാണോ? അതല്ലാ, നിങ്ങൾക്കു ഭ്രാന്തോ?

പരിശ്രമ ശീലന്മാർ അവയെ വകവയ്ക്കാതെ പ്രവർത്തിച്ചു കൊണ്ടിരിക്കും.

നമ്മുടെ സന്ന്യാസിക്കു താൻ സപ്തപ്ലാവസ്ഥയിലോ ഭ്രാന്തശാലയിലോ എന്നു കിച്ചുമായി ഒരു മറുപടി പറവാൻ സാധിച്ചില്ല. എവിടേയാണോ ആ സാധു അറിഞ്ഞില്ല. താമസംവിനാ, ഈ അത്ഭുതവൃത്താന്തം കേട്ട് ആശ്രമത്തിലെ മറ്റു സന്ന്യാസിമാരും വന്നു. ഇവരിൽ തന്റെ സ്നേഹിത രാരെങ്കിലും ഉണ്ടാകുമെന്നു ശരണപ്പെട്ട നമ്മുടെ സന്ന്യാസി ഓരോരുത്തരുടേയും മുഖത്തു സൂക്ഷിച്ചുനോക്കിയെങ്കിലും തനിക്കു സുപരിചിതമായ ഒരൊറ്റ ആളെയെങ്കിലും നമ്മുടെ സന്ന്യാസി കണ്ടില്ല. തനിക്കു ആശ്രമം മാറിയോ എന്നായി അദ്ദേഹത്തിന്റെ പിന്നത്തെ ശങ്ക. എന്തു? ഒരു മണിക്കൂർമുമ്പ് വിട്ടതും, അനേകസംവത്സരങ്ങൾ പാർത്തതും ആയ ആശ്രമം അതുതന്നെ! ഇതെന്തൊരുകഥ! ഒടുവിൽ അദ്ദേഹം അതിസാഹസപ്പെട്ട്, "രണ്ടുമണിക്കൂർമുമ്പ് ഇവിടെ ശ്രേഷ്ഠനായിരുന്ന ബൊനിഫേസ് അച്ചൻ എവിടെ" എന്ന ആ വൃദ്ധസന്ന്യാസിയോടു ചോദിച്ചു. ബോനിഫേസ് എന്ന പേരായി ഒരു സന്ന്യാസിയേ അവിടെയില്ലെന്നും ആ നാമത്തിൽ ഒരാളെ താൻ അറിയുകകൂടി ഇല്ലെന്നുമായിരുന്നു വൃദ്ധസന്ന്യാസിയുടെ ഉത്തരം.

ഇരുപതുകൊല്ലത്തോളം ഹിമനിദ്രചെയ്തു് എഴുന്നീറ്റുവന്ന 'റിപ് വാൻ വിങ്കിൾ' (Rip Van Vinkle) എന്ന ആംഗ്ലകൃതി നമ്മുടെ സന്ന്യാസിയാളം പരിഭ്രമമുണ്ടായിരുന്നില്ല. വന്നവരെല്ലാം മുഖത്തോടുമുഖം തുറിച്ചുനോക്കിയതല്ലാതെ കാരണം ആരാഞ്ഞറിവാൻ ആരും പ്രാപ്തരായില്ല. ഒടുവിൽ ആശ്രമശ്രേഷ്ഠൻ, നമ്മുടെ സന്ന്യാസിയോടു അദ്ദേഹത്തിന്റെയും കൂടെ സ്നേഹിതന്മാരുടേയും പേരുപറയുവാൻ ആവശ്യപ്പെട്ടു. പേരറിഞ്ഞശേഷം ആശ്രമാധികൃതരുടെ രജിസ്റ്റർ പരിശോധിച്ചു. ആ പേരുകാർ വളരെദേശം നൂറു സംവത്സരങ്ങൾക്കുമുമ്പു അവിടെ ജീവിച്ചിരുന്നവരാണെന്നും, അക്കാലത്തു ഒരു സന്ന്യാസി ഒരിക്കൽ വിശ്രമിക്കുവാൻപോയിട്ടു തിരിച്ചുവന്നില്ലെന്നും രജിസ്റ്ററിൽ നിന്നു മനസ്സിലായി. ഉടനെ നമ്മുടെ സന്ന്യാസി തനിക്കു സംഭവിച്ചകഥയെല്ലാം ആശ്രമവാസികളെ അറിയിച്ചു. താൻ കണ്ടെടുത്തു, തന്റെ സംശയനിവാരണാർത്ഥം അയക്കപ്പെട്ട ഒരു ദൈവദൂതനാണെന്നും, അതിന്റെ ഗാനം സ്വർഗ്ഗീയമായിരുന്നെന്നും അദ്ദേഹത്തിനു ബോധമുണ്ടായി. രാപകലറിയാതേയും, ഊണുമുറക്കവും കൂടാതേയും, നിന്നു ശ്രവിക്കുന്നതിനു അദ്ദേഹത്തെ പ്രേരിപ്പിക്കുവാനും ഒരു നൂറാണ്ടു ഒരു നിമിഷംപോലെ തോന്നിക്കുവാനും ഒരൊറ്റ ദൈവദൂതന്റെ ഗാനം പര്യാപ്തമായെങ്കിൽ, ലക്ഷോപലക്ഷം ദൈവദൂതന്മാരുടെ സ്തുതിസ്തോത്രങ്ങ

സത്യവും സന്മാർഗ്ഗവും അടങ്ങിയ കൃതികൾ വില്പനവർ മുതലാ

ളാവും, കാഹളാദിസംഗീതസാമഗ്രികളുടെ മധുരമായ സ്വരച്ചേർച്ചയാലും മാറെറാലിക്കൊള്ളുന്ന സ്വർഗ്ഗത്തിൽ അനേകകോടി ശതവർഷങ്ങൾ ഒരു നിമിഷംപോലെ തോന്നുമെന്നതിനു സംശയമില്ലെന്നു അദ്ദേഹം ഗ്രഹിക്കയും ചെയ്തു.

'നസ്രാണിദീപിക.'

നാല്പതുകൊല്ലം പ്രായമുള്ള ഒരു കത്തോലിക്കപത്രമാണല്ലൊ 'നസ്രാണിദീപിക.' ആദ്യം ആഴ്ചയിൽ ഒരോന്നും, പിന്നീടു രണ്ടും, അതിനുശേഷം മൂന്നും വീതം പ്രസിദ്ധീകരിച്ചിരുന്ന ആ പത്രം ഈ ജനുവരിമുതൽ 'പ്രതിദിന'മായിത്തീർന്നിരിക്കുന്നു. 'ദീപിക' അതിന്റെ ദീർഘകാലത്തെ ജീവിതത്തിൽ സഭയ്ക്കും സമുദായത്തിനും രാജ്യത്തിനും അനവധി ഗുണങ്ങൾ ചെയ്തിട്ടുണ്ടെന്നു എല്ലാവരും സമ്മതിക്കുന്നതാണ്. അതിനാൽ അതു ദിനംതോറും പ്രസിദ്ധീകരിച്ചുകാണുന്നതു സഭയേയും സമുദായത്തെയും രാജ്യത്തെയും സ്നേഹിക്കുന്ന സകലർക്കും രീച്ച്യയായും സന്തോഷകരമായിരിക്കും.

ആഴ്ചയിൽ മൂന്നുവീതം പ്രസിദ്ധീകരിച്ചിരുന്നപ്പോൾ ദീപികയുടെ വരിപ്പണം കൊല്ലത്തിൽ ൧൮. ആയിരുന്നു. എന്നാൽ അതിനെ പ്രതിദിനമാക്കി അഭിവൃദ്ധിപ്പെടുത്തിയിട്ടും അതിന്റെ വരിപ്പണത്തിൽ ൩൬. മാത്രമെ കൂട്ടിയിട്ടുള്ളു. കൂടുതൽ വരിക്കാരെ ചേർത്തു അവരുടെ വരിസംഖ്യ അയച്ചുകൊടുക്കുന്നവർക്കു സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടുമുള്ള ചില കീർത്തിമുദ്രകൾ സമ്മാനം ചെയ്യാമെന്നു ഭാരവാഹികൾ വാഗ്ദത്തം ചെയ്തിട്ടുണ്ട്. കൂടാതെ, വരിക്കാരെ ചേർത്തു പണമയച്ചുകൊടുക്കുന്ന കെ. സി. സി. എ. സംഘ്യാംഗങ്ങൾക്കു വരിപ്പണത്തിൽ പകുതി സൌജന്യമായി വിട്ടുകൊടുക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. ഇതെല്ലാം ദീപികാപ്രവർത്തകന്മാരുടെ പൊതുകാര്യത്തിലുള്ള താല്പര്യത്തെയും പൊതുഗുണാർത്ഥമുള്ള ത്യാഗബുദ്ധിയെയും വിളിച്ചറിയിക്കുന്നു. നമ്മുടെ വന്ദ്യവൈദികമേലദ്ധ്യക്ഷന്മാരും, വൈദികരും അത്മേനികളും കത്തോലിക്കരും അകത്തോലിക്കരുമായ മറു അനേകം മഹാന്മാരും ദീപികയുടെ ധീരവും ഒരുമയ്പൂർവ്വവുമായ ഈ ഉദ്യമത്തിൽ സന്തോഷം പ്രദർശിപ്പിക്കയും അതിനു സർവ്വമംഗളങ്ങളെ ആശംസിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. അക്കൂട്ടത്തിൽ 'ചന്ദ്രിക'യും അതിന്റെ വിനീതസ്വരം ഉയർത്തി ദീപികാപ്രവർത്തകന്മാരെ ഹാർദ്ദമായി അനുമോദിക്കയും,

വരിക്കാരും, ലേഖകന്മാരും ബന്ധുക്കളുമായിരുന്ന ദീപികയുടെ പ്രചുരമായ പ്രചാരത്തിലേയ്ക്കു ഉള്ളഴിഞ്ഞു സഹായിക്കേണമെന്നു കേരളത്തിലെ എല്ലാസമുദായക്കാരോടും, വിശിഷ്യ കത്തോലിക്കരോടു, അപേക്ഷിക്കയും ചെയ്കൊള്ളുട്ടെ.

കൃതജ്ഞതാപ്രകാശനം.

വി. ഒക്കുത്തേസ്യയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദിയായി ൧ക. അയയ്ക്കുന്നു.—മാനേജർ ചിറക്കൽ ആൻറു കോ; പാണാപ്പള്ളി.

കൊച്ചുത്തേസ്യാപുണ്യവതിയുടെ മാദ്ധ്യസ്ഥത്താൽ ആഗ്രഹിച്ച കാര്യം സാധിച്ചു. നന്ദിയായി ൧ക. അയക്കുന്നു.—സി. പി. ജോർജ്ജ്, മേലൂർ:—പി. ജെ. ഉമ്മൻ, എറണാകുളം.

കഴിഞ്ഞലക്കത്തിലെ പ്രശ്നത്തിന്റെ ശരിയായ ഉത്തരം താഴെ ചേർക്കുന്നു:—

9	16	5	4
7	2	11	14
12	13	8	1
6	3	10	15

ഉത്തരമയച്ചവർ ഒസ്സേഴ്സ്:—

1. കെ. ജെ. കുരിയാക്കോസ്, മുട്ടം. 2. കെ. തോമസ് കൊച്ചുതറ, തെക്കാട്ടുശേരി. 3. കെ. ഒ. കുറിയൻ കൊച്ചുതറ, തെക്കാട്ടുശേരി. 4. എൻ. ജെ ജോർജ്ജ് നടുവത്തുശേരി, എറണാകുളം. 5. ശ്രീമതി എം. വി. സ്കോസ്സ്വാ മുട്ടം, മേത്തല. 6. കെ. എം. നാരായണപിള്ള കുന്നുകുളങ്ങരവീട്, തേവർവട്ടം. 7. പി. വി. ഗോപാലപിള്ള, കാവനം. 8. C. P. Gonsalvas, Nallacathu Estate, Valparai. 9. E. L. Meranda, Kandapola Estate, Ceylon. 10. കെ. പോൾ, പോട്ടോക്കാരൻ, ടീച്ചർ, കീരിയാടം.